സത്യമണ്ണ്



മാത്തോമ്മാൻ

മാത്തോമ്മാൻനന്മയാലൊന്നുതുടങ്ങുന്ന
നന്നായ് വരേണമേയിന്ന്
ഉത്തമനായ മിശിഹാ തിരുവുള്ളം
ഉൾമെയെഴുന്നള്ളവേണം.

നസ്രാണി

1963 മാർച്ച് 20 No. 2

ഗോവർണ്ണദോരച്ചന്റെ (164-ാം) ചരമവാർഷികം

നസ്രാണിസമുദായം ഇന്ന് വേരില്ലാമരംപോലെ വളരുകയാണ്; വളർച്ച നിലച്ചെന്നും ഉണങ്ങിതുടങ്ങിയെന്നും സാരം. നിർദ്ദേശം നൽകുന്നവരും നിയമം നിർമ്മിക്കുന്നവരും കർമ്മം പരിഷ്കരിക്കുന്നവരും... മറുമായ ലൗകിക വൈദിക നേതൃസ്ഥാനങ്ങൾ സമുദായമറിയാതെ, ചരിത്രം പഠിക്കാതെ, മൻപന്തിയിലേക്കിറങ്ങിയതിന്റെ ദുഃഖചരിത്രമാണ് നാമിന്നു കാണുന്നത്. "കത്തോലിക്കർക്കൊന്നും ഭയപ്പെടാനില്ല. ഉറച്ച പാറമേൽ പണിചെയ്തിരിക്കുന്നു; ലോകാവസാനപര്യന്തം നിലനില്ക്കുമെന്നുറപ്പുണ്ട്. ശ്രുതപോലെ ഇത്ര വിശേഷമായ ഏർപ്പാടുള്ളപ്പോൾ വേറൊരു സംഘടനതന്നെ ആവശ്യമില്ലാത്തതാണ്..." എന്നിവിധം ചിന്തിച്ച് അലസതയെ ന്യായീകരിക്കയും ചെയ്യുന്നു. നാമിന്നു സ്മരിക്കുന്ന ഗോവർണ്ണദോരച്ചന്റെകാലത്തും കത്തോലിക്കാസഭയുണ്ടായിരുന്നു. ശ്രുതയും ഭരണവുമുണ്ടായിരുന്നു. പക്ഷെ ബുദ്ധി ഉപയോഗിക്കാൻ കഴിവുള്ളവരും ഉണ്ടായിരുന്നു എന്നതാണ് ഇന്നത്തേതിൽനിന്ന് വ്യത്യാസമായി അന്നുണ്ടായിരുന്നത്. ഗോവർണ്ണദോരച്ചന്റെ കൈകൊണ്ട് എഴുതിയ വാക്കുകൾ ഇതാ:-

"ഇങ്ങനെയുള്ള നിലയില്ലായ്മയുടെയും ചിന്നലിന്റെയും അവകാശമെന്തെന്നു സൂക്ഷിച്ചുകണ്ടാൽ ജാതിക്കു തലവൻ ഇല്ലായ്കകൊണ്ടെന്നുള്ളതല്ലാതെ വേറൊരവകാശം യാതൊന്നുമില്ല. അതെന്തെന്നാൽ പണ്ടുകഴിഞ്ഞ ആളുകളുടെ മക്കളും ആ ജാതിതന്നെയും ഇന്നും ആയിരിക്കുന്നതിനാൽ അന്നത്തെ അവസ്ഥയുംകൂടി നോക്കിയാൽ അന്നു ജാതിക്കു തലവൻ ഉണ്ടായിരിക്കയും ഇന്നു തലവൻ ഇല്ലാതിരിക്കയുംചെയ്യുന്നതൊഴിയെ ഇരുപോരുന്ന മറെറാരവകാശംതോന്നുന്നില്ല. അപ്പോഴോ ഈയൊരു കാര്യത്തിന്റെ കുറച്ചിൽ എത്രകുറവും നിലയില്ലായ്മയും നമ്മുടെ ജാതിക്കുണ്ടായി എന്നു ബുദ്ധിയുള്ളവരൊക്കെയും വിചാരിച്ചുകണ്ടാൽ അറികയുമാം."

"...തലവനുണ്ടായിരുന്നാൽ നമ്മുടെ പള്ളിയോടും താൻപട്ടക്കാരോടുംതാൻ, ഇണങ്ങരിൽ ഒരുത്തനോടുതാൻ ഏറെക്കുറയും ആരാനും കാട്ടിയാൽ അതിനു ഒരുത്തരം കൂടാതെ കഴിഞ്ഞുതുമില്ല... തല്ലിക്കയും കൊല്ലിക്കയും ചെയ്തതിനു ഉത്തരം ഒന്നുംചോദിക്കാതെ ഇരിക്കുന്നതും വിചാരിച്ചുകണ്ടാൽ ഈ കാര്യത്തിന്റെ പരമാത്മം വേണ്ടും വണ്ണം ബോധിക്കയുമാം."

"ഇങ്ങനെ പല പല വന്തികളും വകുപ്പുകളുമായി... ചൊക്കാനില്ലാത്ത കപ്പൽ തനിക്കുള്ള വഴി അറിയാതെ കാറടുന്ന പുറത്തോട്ടപോകുമാറാകുന്നതുപോലെ നമ്മുടെ ജാതിയുടെ ഗുണത്തിനും ഉപകാരത്തിനും ഏതുപ്രകാരം നല്ലതെന്നു വിചാരിക്കാതെ ഓരോരുത്തൻ തനിക്കുതനിക്കുള്ള മനസ്സും പക്ഷപ്രീതിയുംപോലെ ഓരോരോ കൂട്ടംപറഞ്ഞു വരികയും ചെയ്യുന്നു." ചിരംജീവിയായ ഈ മഹോന്നതനേതാവിന്റെ വാക്കു കേട്ടിട്ടെങ്കിലും ഒരു വ്യത്യാസം വരണം.

കേരളത്തിലെ കത്തോലിക്കർ ഒരു ജാതിയിലോ വകുപ്പിലോ പെട്ടവരല്ല, പൊതുവായി ബാധിക്കുന്നതും ഒന്നുമില്ല; ബന്ധിക്കുന്നതും ഒന്നുമില്ല സമുദായലവലിൽ. ആചാരമര്യാദകളിലും തൊഴിലിലും ലക്ഷ്യത്തിലും സാമൂഹ്യമായി ഐക്യരൂപ്യമില്ലാത്ത കത്തോലിക്കർക്ക് പൊതുവായ ഒരു സംഘടനയുള്ളതു കത്തോലിക്കകോൺഗ്രസ്സാണ് എന്ന വസ്തുതതന്നെ വിളിച്ചുപറയുന്നുണ്ട്, കത്തോലിക്കകോൺഗ്രസിന്റെ ലക്ഷ്യം വളരെ പരിമിതിയുള്ളതാണെന്ന്. അതു ഒരു സമുദായത്തെ പ്രതിനിധീകരിക്കയല്ല പല സമുദായങ്ങളായ കത്തോലിക്കരുടെ ഇടയിൽ അവരെ പൊതുവിൽ ബാധിക്കുന്ന കാര്യങ്ങൾ വിചാരിച്ച് വേണ്ടതു ചെയ്യുകയാണ്. കത്തോലിക്കാദർശം സംരക്ഷിക്കുകയാണ് എന്നു പറയുന്നതായിരിക്കും ശരി. വിദ്യാഭ്യാസവിഷയത്തിൽപോലും ഭിന്നാഭിപ്രായമുണ്ടായ സ്ഥിതിക്ക് പൊതുവിൽ ബാധിക്കുന്ന കാര്യങ്ങൾ ഏവയെന്നു നിർണ്ണയിക്കുക അത്ര എളുപ്പമായി വരുന്നതല്ല. ആ സ്ഥിതിക്ക് ഇന്നുള്ളതിൽകൂടുതൽ ഊർജ്ജസ്വലതയൊ ആവേശമൊ കാര്യക്ഷമതയോ പ്രതീക്ഷിക്കേണ്ടതുമില്ല. അപൂർവ്വം അവസരങ്ങൾ ഒഴിച്ചാൽ ഓരോ വിഭാഗവും താന്താങ്ങളുടെ കാര്യം നോക്കുകയാണ് ഇവിടത്തെ പതിവ്. ലത്തീൻ, തെക്കുംഭാഗ, പിന്നോക്ക, വിഭാഗങ്ങൾക്കെല്ലാംഅവരവരുടെ പ്രത്യേക സാമുദായിക സംഘടനകളുണ്ട്. നസ്രാണിവിഭാഗത്തിനാണ് സാമുദായിക സാംസ്കാരികകാര്യങ്ങൾക്കായി സ്വന്തമായൊന്നില്ലാത്തതു. ഭക്തപരവും ഏറക്കുറെ സാമൂഹ്യസേവനമനുഷ്ഠിക്കുന്നതുമായ സംഘ

ടനകൾ പലതുണ്ട്. അവയെ എല്ലാം പരസ്പരം ബന്ധിച്ച രീതിയിൽ പ്രവർത്തനക്ഷമമാക്കിയിരുന്നെങ്കിൽ, ഒന്നു Co-ordinate ചെയ്തിരുന്നെങ്കിൽ, ഒരുപക്ഷെ വല്ലതുമാകുമായിരുന്നു. സാമുദായിക പ്രശ്നങ്ങൾ വ്യക്തികൾ സ്വയം ഏറ്റെടുക്കേണ്ടിവരുന്നതാണ് ഇന്നത്തെ സ്ഥിതി. വേണ്ടതു് സാധിക്കുന്നതിനുംപുറമെ നിർബന്ധപ്പെട്ട് സമുദായത്തെ അവശ്യം ഏൽക്കേണ്ട പരിതസ്ഥിതി ഉണ്ടാക്കിത്തീർക്കുന്നു എന്നതാണതിന്റെ ദൃഷ്യഫലം. അങ്ങനെയാണ് സമുദായമറിയാത്ത തലമുറയുടെ ആവിർഭാവം. ആകെക്കൂടെ ഒരു ദീപികയുണ്ട് നേതൃത്വം നേതൃസ്ഥാനവുമെല്ലാമായിട്ട്. ഏറ്റവുക്കുറച്ചിലോടുകൂടിയെങ്കിലും നസ്രാണിദീപികയായിട്ട് അതിന്റെ ധർമ്മം നിർവഹിക്കുന്നുണ്ടെന്നു് സമാധാനിക്കാം. ശരിയായ വശത്തുകൂടെ വഴികാട്ടിയിട്ടുണ്ട്.. കടുകട്ടപ്പമായി പറയാനും മടിച്ചിട്ടില്ല. മുഖം നോട്ടമില്ല കോഴ വാങ്ങുന്നില്ല. പുത്തൻകൂർ വിഭാഗങ്ങൾക്കു സഭത്തന്നെ സമുദായവുമാണ്. സഭയെപ്പറ്റി ശരിയായ ധാരണ ഉണ്ടായിക്കഴിഞ്ഞാൽ, പ്രാദേശിക ഭരണവ്യവസ്ഥിതി ശരിപ്പെട്ടുകഴിഞ്ഞാൽനമുക്കും സഭതന്ന മതിയാകും സമൂഹകാര്യങ്ങളുടെ നിർവഹണത്തിനു്.

ഇന്ത്യ ഒന്നായതു്, രാഷ്ട്രപതിപ്രസിഡൻറിനോടും ഭരണസാരഥി പ്രൈംമിനിസ്റ്റരോടുംകൂടെ ഒരു റിപ്പബ്ളിക്കായതു് ആയിരമാണ്ടുകളിൽനടന്ന സംഭവമാണ്. ആയിരത്തിനപ്പുറത്തും ഇന്ത്യ ഒരു വൈദിക യൂണിറ്റായിരുന്ന അധിനാഥനായ മെത്രാപ്പോലീത്തായോടും ഭരണാധിപനായ അക്ഷദിയാക്കോനോടുംകൂടെ. വിദേശകയ്യേറ്റത്തിൽ നഷ്ടപ്പെട്ടപോയ, നമ്മിൽനിന്നപഹരിക്കപ്പെട്ട ഈ രണ്ടു അധികാരസ്ഥാനങ്ങളും വിശാലമായ ആഷ്ഭാരതവും തിരിച്ചെടുക്കാൻ എല്ലാ തലമുറയിലെയും കാരണവന്മാർ അത്യദ്ധ്വാനം ചെയ്തിരുന്നു. എല്ലാത്തരത്തിലും അനുകൂലസാഹചര്യം വന്നിട്ടും വന്നിക്കാനുമായി നയതന്ത്രബന്ധമുള്ള ഒരു ദേശീയ ഗവണ്മെൻറുണ്ടായിട്ടുകൂടെ നമുക്കതു സാധിക്കാതെ കിടക്കുന്നതു് ഒന്നുമറിയാൻ പാടില്ലാത്തനിലയിൽ നാം അധ:പ്പതിച്ചുപോയതുകൊണ്ടു മാത്രമാണ്. റിപ്പബ്ളിക്കിനെ സംബന്ധിച്ചു് ഏറ്റവും ഉത്തരവാദപ്പെട്ടയാൾ പ്രൈംമിനിസ്റ്റർആയിരിക്കുന്നതുപോലെ (ഹെന്ദോ) ഇന്ത്യാ സഭയുടെ നട്ടെല്ലു് അക്ഷദിയാക്കോനാണ്.(Archdeacon = PrimeMinister)ആ സ്ഥാനം പുന:സ്ഥാപിക്കുന്നതിനാണ് ഗോവണ്ണദോരച്ചൻ പണിയെടുത്തതു്. അങ്കമാലി പടിയോല വായിച്ചുനോക്കുക. വർത്തമാനപ്പുസ്തകത്തിൽ ആദ്യന്തം ധ്വനിക്കുന്നതും അതുതന്നെയാണ്. ഇന്ത്യൻസഭയെ കേരളസഭയെന്നു വിളിക്കുന്നതും "സീറോ-മലബാർ" എന്നോ വിശേഷമാണെന്ന ഭാവത്തിൽ ചുമന്നുകൊണ്ടു നടക്കുന്നതും എത്രമാത്രം ആക്ഷേപാർഹമായിരിക്കുന്നു! അടിമത്വത്തിന്റെ അടിത്തട്ടിൽകിടന്നപ്പോലും "അലക്സാന്തർ മെത്രാപ്പോലീത്താദ് ഹെന്ദോ" "മത്തായി മ്ദബ്റാനാദ്ഹെന്ദോ" എന്നു് പൂർവ്വന്മാർ ഉച്ചൈസ്തരം വിളിച്ചുപറഞ്ഞിരുന്നു. അതായതു് ഇന്ത്യാമുഴുവൻ നമ്മുടേതാണെന്നു്. പുരുഷകേസരികളായഅവരുടെ അവകാശികൾ നമ്മളോ?അടുത്തകാലത്തു് കാത്തലിക്ക് യൂണിവേഴ്സിറ്റി ഫെഡറേഷന്റെ ഒരുമഹായോഗം കൂടിയതു് കാണുകയുണ്ടായി.ഒരാണ്ട്ലോ ഇൻഡ്യൻ യോഗമായിട്ടേ . കാഴ്ചക്കാരുടെതോന്നിയുള്ള അതാണ് കത്തോലിക്കത്തെമെങ്കിൽ കത്തോലിക്കരെ വിദേശികളായിട്ടേ എണ്ണാവു. നസ്രാണി എന്നവച്ചാൽ വിശ്വസഭയിലെഹിന്ദുവിഭാഗം എന്നാണർത്ഥം. കലമറിയാതെ, വംശപാരമ്പര്യമറിയാതെ, കത്തോലിക്കാസമുദായംഎന്നപറഞ്ഞുവന്നതിന്റെഫലം:കഴുത്തിൽസ്വയം കുട്ടകെട്ടി'യാണെന്നു് മനസ്സിലാക്കിയിരുന്നെങ്കിൽ, പുത്തൻകൂറിലെ നമ്മുടെ സ്വന്തപ്പെട്ടവരുടെ വെറുപ്പിനും വിരോധത്തിനുംകൂടെ അതു കാരണമായിട്ടുണ്ട്. സ്വദേശസഭയും വിദേശസഭയും തമ്മിൽ കാര്യമായ മത്സരമുണ്ടെന്നോർക്കേണ്ടതുണ്ട്. ജീവിക്കേണ്ടതും വളരേണ്ടതും നമ്മുടെ ആവശ്യമാണു്. അതിനു വഴിനോക്കേണ്ടതും വേറെയാരുമല്ല. യൂറോപ്പിലും അമേരിക്കയിലും ആസ്ത്രേലിയായിലും പൗരസ്ത്യകത്തോലിക്കർക്കു് എക്സാക്തന്മാരെ കൊട്ടത്തിട്ടും, നമ്മുടെ ശ്രുതകൾക്കു പുറത്തു് നമുക്കു നമ്മുടെ നാട്ടിൽ നസ്രാണികളായി ജീവിച്ചുകൂടാ എന്നു വന്നിട്ടുള്ളതിന്റെ അർത്ഥമെന്താണു്? മിഷ്യനറിമാക്കെതിരായി നിയമകോടതിയെ സമീപിക്കണമോ? ആത്മനാശത്തിനു് ആരാണു് ഉത്തരവാദികൾ?

ഒരിക്കലും ഒരുത്തരോടും ദോഷംചെയ്യാത്ത നമ്മുടെ സമുദായം ഇന്നു് രാഷ്ട്രീയക്കാരോടും വർഗ്ഗീയക്കാരോടും സാമൂഹ്യവിരുദ്ധരോടും നാസ്തികരോടും മിഷ്യനറിമാരോടും ലത്തീൻ മേധാവികളോടും ഉദ്യോഗമണ്ഡലത്തോടും ഗവണ്മെൻറിനോടുപോലും പടവെട്ടേണ്ടിവന്നിരിക്കുന്നതിന്റെ കാരണമെന്താണു്? അറിയണമെങ്കിൽ വർത്തമാനപ്പുസ്തകം വായിക്കുക.

ബലമില്ലാത്തവനെ ആരും ഗൗനിക്കയില്ല.

എത്രതന്നെ നിവേദനവും ഒച്ചപ്പാടും ഉണ്ടായിക്കൊള്ളട്ടെ; കേട്ടഭാവമേ ഇല്ല. അവഗണനയും അനീതിയും പുറമെ കുതിരകയറ്റംകൂടെയാണെങ്കിലോ? നാമെവിടെ നില്ക്കുന്നു എന്നു സ്വയം പരിശോധിക്കുക. സോഷ്യലിസ്റ്റാദർശം പുലർത്തുവാൻ പുതിയ ജോലികളും തസ്തികകളും ഗ്രാന്റുകളുമൊക്കെയെപ്പെട്ടെന്നു ഗവണ്മെൻറിനു് മണ്ണിൽ പണിയാൻ കഴിവും ആഗ്രഹവുമുള്ളവർക്കായിട്ട് എന്തുകൊണ്ടു് ഭൂമി സമ്പാദിച്ചുകൂടാ? കോടിക്കണക്കിൽ പണം ചെലവാക്കി വനംതെളിക്കുന്ന കേന്ദ്രഗവണ്മെൻറിനെ എന്തുകൊണ്ട്സ്വഭാരണിയരുടെ ആവശ്യം അറിയിച്ചുകൂടാ? വനം തെളിച്ചതു ഗവണ്മെൻറിനു് ലാഭമോ നഷ്ടമോ? വൃക്ഷങ്ങൾ നശിപ്പിക്കുന്നില്ല. വെട്ടിയതിനേക്കാളധികം വച്ചുപിടിപ്പിച്ചിട്ടുണ്ട്. പുൽമേട്ടുകൂടെ പച്ചിലമരക്കാടായിത്തീർന്നു. വനവിഭവങ്ങളായ തേനും നെല്ലിക്കായുംകൊണ്ട് ആണ്ടിൽ എത്ര രൂപാ ഗവ. നു് കിട്ടും? അതിനേക്കാൾ നൂറല്ല ആയിരമിരട്ടി നികുതിയിനത്തിൽ ഗവണ്മെൻറിനു കിട്ടുന്ന കൃഷിക്കാരിൽനിന്നു്. ആളുകൾക്കു് ആഹാരം, തൊഴിൽ, കിടപ്പാടം ഇതുമായി. അപ്പോൾ കൂടിയിരിക്കാൻ ന്യായമെത്തു്? കൃഷി നശിപ്പിക്കുകയും കൂടിലു കത്തിക്കയും പെരുവഴിയാധാരമാക്കുകയും ചെയ്യുന്നതിന്റെ പേരാണു് ക്ഷേമരാഷ്ട്രമെന്നു്! വൃദ്ധരും ഗർഭിണികളും അമരാവതിയിൽകിടന്നു പിടച്ചു മരിച്ചതിനുത്തരവാദികളെ വെറുതെ വിടാൻ പാടില്ല. നമ്മുടെ പ്രതിനിധികളായി തിരഞ്ഞെടുത്തു വിട്ടവരിൽനിന്നു് വോട്ടിടാൻ വെയിൽകൊണ്ടതിനുള്ള പ്രയോജനംപോലുമില്ലാതെപോയല്ലൊ! ജനകീയ ഗവണ്മെൻറു കൂടിയിരുന്നു നടത്തി. അതിനെതിരായി ശബ്ദിക്കുന്നതു്, കമ്മ്യൂണിസം വർദ്ധിക്കും എന്നായി. ഈ അത്യാപൽഘട്ടത്തിൽ കൂടിലത മനസിലാക്കി ജനതതിക്കാവശ്യമായിരുന്ന നേതൃത്വം കൊടുക്കാൻ ഒരേ ഒരു വ്യക്തിയേ ഉണ്ടായുള്ളൂ. കപടനേതാക്കളെ തട്ടിമാറ്റിയിട്ട് രംഗത്തുവരുകയും അനീതിക്കെതിരെ ശബ്ദമുയർത്തുകയും നിസ്സഹാ

ഗോവർണ്ണദോരച്ചനും വർത്തമാനപ്പുസ്തകവും.

കേരളത്തിനും കൈരളിക്കും അഭിമാനഭാജനമായിത്തീർന്നിട്ടുള്ള ഒരു മഹാപുരുഷന്റെ 164-ാം ചരമവാർഷികമാണ് നാമിപ്പോൾ ആലോഷിക്കുന്നത്. ഗോവർണ്ണദോരച്ചൻ എന്നപേരിൽ അറിയപ്പെടുന്ന പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ വ്യക്തിമാഹാത്മ്യം എന്തിനെ ആശ്രയിച്ചിരിക്കുന്നു എന്നു നിർവ്വചിക്കുക പ്രയാസമാണ്. ഇന്നു നാം അത്യന്തം അഭിമാനാവഹമായി കരുതുന്ന ദേശീയബോധം - ഇന്ത്യയെന്നും ഇന്ത്യാക്കാരെന്നുമുള്ള ഉജ്ജ്വലാഭിമാനം - ആദ്യമായി പ്രകാശിപ്പിക്കപ്പെട്ടകാണുന്നതു് ഗോവർണ്ണദോരച്ചന്റെ കൃതികളിലാണ്. വിദേശീയരിൽനിന്നു് മോചനം നേടണമെന്നും ഇന്ത്യാക്കാരെ ഇന്ത്യാക്കാർതന്നെ ഭരിക്കുന്ന ഒരു സ്ഥിതിവിശേഷം സംജാതമാകണമെന്നും ആദ്യം അഭിപ്രായപ്പെട്ടവരിൽ ഒരാളാണ് അദ്ദേഹം. ഒരഭിപ്രായം പുറപ്പെടുവിക്കുക എളുപ്പമാണ്. ആ അഭിപ്രായത്തിന്റെ സ്ഥാപനത്തിനുവേണ്ടി സ്വജീവിതത്തെ ബലിയർപ്പിക്കുക അത്ര എളുപ്പമല്ല. ഗോവർണ്ണദോരച്ചന്റെ വ്യക്തിമാഹാത്മ്യം നിലകൊള്ളുന്നതു് സ്വാഭിപ്രായ സാക്ഷാത്ക്കാരത്തിനുവേണ്ടി അദ്ദേഹം അനന്തമായ കഷ്ടപ്പാടുകളെ സ്വയം വരിക്കുകയും ജീവിതത്തെത്തന്നെ അതിനായി ഉഴിഞ്ഞുവയ്ക്കുകയും ചെയ്തു എന്നുള്ളതിലാണ്.

മേൽപ്പറഞ്ഞതിൽനിന്നു് കേവലം ഒരു ദേശാഭിമാനിയോ, രാഷ്ട്രീയനേതാവോ ആയിരുന്നു അദ്ദേഹമെന്നു ധരിച്ചുപോകാനിടയുണ്ട്. എന്നാൽ ഗോവർണ്ണദോരച്ചന്റെ വ്യക്തിമാഹാത്മ്യത്തിനു് ഇനിയും എത്രയോ മുഖങ്ങൾ ഉണ്ട്. ഹുവാൻസാങ്ങിനെപ്പോലെയോ, മാർക്കോപ്പോളോയെപ്പോലെയോ സാഹസികമായ ലോകസഞ്ചാരം നടത്തിയ ആദ്യത്തെ കേരളീയരിൽ, അല്ല ഭാരതീയരിൽത്തന്നെ ഒരാൾ അദ്ദേഹമായിരുന്നു. ഈ ഒറ്റ സംഗതി മതി ആ നാമധേയത്തിനു് ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിക്കുവാൻ. കേരളത്തിലെന്നല്ല ഇന്ത്യയിൽത്തന്നെ ആദ്യമായി രചിക്കപ്പെട്ട യാത്രാവിവരണ ഗ്രന്ഥത്തിന്റെ കർത്താവെന്നനിലയിൽ അദ്ദേഹം സകല ഭാരതീയ സാഹിത്യപ്രേമികളുടെയും സമാദരം അർഹിക്കുന്നു. കൈരളിയെസംബന്ധിച്ചു മാത്രം പറഞ്ഞാൽ ആധുനികരീതിയിലുള്ള മലയാളഗദ്യത്തിന്റെ ജനയിതാവു് പാറേമ്മാക്കൽ ഗോവർണ്ണദോരച്ചനാണ്. ഭാഷയിലുണ്ടായിട്ടുള്ള കലാസുന്ദരവും ബൃഹത്തുമായ പ്രഥമ ഗദ്യ

യരെ പരിചരിക്കയും ചെയ്തു് കമ്മണിസത്തെ പരാജയപ്പെടുത്തിയ പുരുഷനാണ് വടക്കനച്ചൻ. ഒരുനാളും പൊറുക്കാനാവാത്തഅധർമ്മംചെയ്തജനകീയ ഗവണ്മെൻറിനോടു് കാര്യം തുറന്നു പറയാൻ ധൈര്യപ്പെട്ട എല്ലാവരെയും കൃതജ്ഞതാപൂർവ്വം സ്മരിക്കുവാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു.

ഇന്നിവിടെ നമ്മുടെ മദ്ധ്യേ സന്നിഹിതനല്ലെങ്കിലും എടുത്തുപറയേണ്ടഒരുപേരുണ്ട്. കഴിഞ്ഞ കാൽശതാബ്ദമായി സമുദായ കാര്യങ്ങൾ പഠിക്കയും നോക്കിമനസ്സിലാക്കി പൊതുജനദൃഷ്ടിയിലും നേതാക്കളുടെ ശ്രദ്ധയിലും പെടുത്തിക്കൊണ്ടിരിക്കയും ലേഖനങ്ങൾവഴി അന്നന്നു് മറുപടി പറകയും ചെയ്തുപോരുന്ന ശ്രീ. എം. ഒ. ജോസഫ് നെടുങ്കനം അവർകളോടു് സമുദായത്തിന്റെപേരിൽനന്ദി പറയേണ്ടതുണ്ട്. മുമ്പൊരിക്കൽ A.T.C.C. ജനറൽസെക്രട്ടറിയുമായി സമർത്ഥമായിവാദം നടത്തിയതും അടുത്തകാലത്തു് മനോരമ, മാതൃഭൂമി, അപ്നാദേശ് പത്രങ്ങൾക്കും മോൺ. ചിറ്റിലപ്പള്ളിക്കും മറുപടി നൽകുകയും കടിയിറക്കിനെ ചെറുക്കുകയും ശക്തമായ ഭാഷയിൽ വസ്തുനിഷ്ഠമായ ലേഖനങ്ങൾ പ്രസിദ്ധീകരിക്കയും ചെയ്തിട്ടുള്ളതു് ഒരുനാളും മറക്കുന്നതല്ല. അദ്ദേഹത്തിന്റെ 'മാത്തുത്തരകൻ' എന്ന ചരിത്രകൃതിവഴിചരിത്രംതിരുത്തിയെഴുതി ദുരാരോപണങ്ങളെ സുധീരം നേരിട്ട പരാജയപ്പെടുത്തുവാൻകഴിഞ്ഞ അദ്ദേഹത്തിനു് നമോവാകം.

അവകാശവാദം നടത്തുവാനല്ല ചുമതല അന്വേഷിക്കാനാണ് നാമിവിടെ കൂടിയിരിക്കുന്നതു്. ആളുകളുടെ ആശയങ്ങൾ എങ്ങനെ രൂപമെടുക്കുന്നു, mould ചെയ്യപ്പെടുന്നു? വിമർശനങ്ങളുടെ പോക്കു് എങ്ങനെ? നാംതന്നെ എന്തുചെയ്യുന്നുണ്ട്? വിശാലവീക്ഷണത്തിന്റെയും സൗഹൃദത്തിന്റെയും വിട്ടുവീഴ്ചയുടെയും ദേശീയതയുടെയും കറപ്പുതീർന്നു നമ്മെ മുറുപിടിപ്പിച്ചിരിക്കുകയാണ്. നഞ്ചുപിടിപ്പിച്ചിട്ടവേണമല്ലോകോരിയെടുക്കാൻ. കൗശലത്തിൽ സമീപിച്ചു് പല വാഗ്ദാനങ്ങളും തന്നു് നമ്മെ സംതൃപ്തരാക്കുന്നതാണ് ഇതുവരെയുള്ള ചരിത്രം. അതു് ആവർത്തിച്ചുകൊണ്ടിരിക്കണമെന്നതു് വിധിയോ മറ്റെന്തെങ്കിലുമോ? അല്ലെങ്കിൽ നമുക്കു കണ്ണുതുറന്നു കാണാൻ എന്തുകൊണ്ടു സാധിക്കുന്നില്ല? വെളിച്ചെണ്ണ കുത്തിച്ചു് കളിച്ചുവച്ചു് എലിയെ പിടിക്കാറുണ്ട്. സുഗന്ധം ഘ്രാണിച്ചു് എലി വന്നു വീഴുകയും ചെയ്യും. നമ്മുടെ എതിരാളികൾ നമ്മുടെ നേതാക്കന്മാരെ പാട്ടിലാക്കുന്നതും ഇങ്ങനെതന്നെയാണ്. ഭൂതകാലത്തെപ്പറ്റി നിശ്ചയമില്ലാതെ ഭാവിക്കു് എങ്ങനെ, എന്തു രൂപംകൊടുക്കും? കാര്യക്ഷമമായ നേതൃത്വത്തിനായി സമുദായം ദാഹിക്കുന്നു. സമുദായമറിയാതെ വളർന്ന തലമുറയിൽനിന്നു് അതു പ്രതീക്ഷിക്കുന്നതു മൗഢ്യമായിരിക്കും. സംസ്കാര വളംകിട്ടി വളരുമ്പോൾ പ്രശ്നം താനേ പരിഹരിക്കപ്പെടും. ചരിത്രം പഠിക്കുക, പൗരുഷമാർജ്ജിക്കുക; മുമ്പിൽ വഴി താനേ തുറന്നുകൊള്ളും.

ചിറകൊടിഞ്ഞ, മനസ്സിടിഞ്ഞ, പ്രതീക്ഷയറ്റ, വിഷമസന്ധിയിൽ നിലയില്ലാവെള്ളത്തിൽ നടന്നുകൊണ്ടു് നേതൃത്വം നൽകിനയിച്ച ധീരപുരുഷനാണ് ഗോവർണ്ണദോരച്ചൻ. എല്ലാവിധത്തിലും പൂർണ്ണതയിലെത്തിയ ഒരു മഹാചാര്യനും ഇടയനും നേതാവും യോദ്ധാവുമായിരുന്നദ്ദേഹം; വീരശൂരനും പരമഭക്തനും പരിപക്വബുദ്ധിയും കരൾക്കട്ടിയുള്ളവനും. ചിരംജീവിയായ അദ്ദേഹത്തിന്റെ വീരാത്മാവു് എന്നും നമ്മെ നയിക്കട്ടെ.

കൃതി അദ്ദേഹത്തിന്റെ "വർത്തമാനപ്പുസ്തക"മത്രെ. മത പരമായും സാമുദായികമായും വിലയിരുത്തുന്നപക്ഷം ഗോവർണ്ണദോരച്ചന്റെ സേവനങ്ങൾ എത്ര അമൂല്യങ്ങളാ യിരുന്നുവെന്നു് വിവരിക്കുവാൻ പ്രയാസം. ആധുനിക മാപ്പിളപ്പാ തിരുമനസ്സിലെ സവിശേഷ താല്പര്യത്തിനു വിഷയീഭവിച്ചിട്ടുള്ള ക്രൈസ്തവസഭാ പുനരൈക്യം സാ ധിതമാക്കുവാനാണു് രണ്ടു നൂറ്റാണ്ടിനുമുമ്പു് അദ്ദേഹം അവിശ്രാന്ത പരിശ്രമം ചെയ്തതു്. പുനരൈക്യപ്രസ്ഥാ നത്തിന്റെ പ്രഥമപ്രണേതാക്കളിൽ സുസ്മരണീയൻ എ ന്ന നിലയിലേയ്ക്കു് അദ്ദേഹമങ്ങനെ ഉയർന്നു. എന്നാൽ അദ്ദേഹം ജനിച്ചുവളർന്ന നസ്രാണിസമുദായത്തെ വിദേ ശീയാധിപത്യത്തിൽനിന്നു് മോചിപ്പിക്കുന്നതിനും ആ സമുദായത്തിന്റെ പരമ്പരാസിദ്ധമായ മഹത്വവും മാന്യ തയും സംരക്ഷിക്കുന്നതിനുംവേണ്ടി ചെയ്തിട്ടുള്ള സേവന ങ്ങളാണു് ഈ അവസരത്തിൽ നമ്മുടെ പ്രത്യേക സ്മര ണയ്ക്കു് വിഷയീഭവിക്കുക.

ഏതെങ്കിലും ഒരു മണ്ഡലത്തിൽ സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിവുള്ള ആളുകൾ തുലോം വിരള മാണെന്നിരിക്കെ, വിവിധമേഖലകളിൽ ഒരുപോലെ അവിസ്മരണീയനായി, അനശ്വരയശസ്സു് നേടാൻ കഴി ഞ്ഞിട്ടുള്ള ഒരു മഹാപുരുഷനെ പ്രസവിക്കാൻകഴിഞ്ഞ സമുദായത്തിനു് എന്നെന്നും അതിൽ അഭിമാനംകൊ ള്ളാവുന്നതാണു്. പാറേമ്മാക്കൽ ഗോവർണ്ണദോരച്ചന്റെ ചരമവാർഷികം ആഘോഷിക്കുന്ന അവസരത്തിൽ കേര ളത്തിലെ സുറിയാനിക്രിസ്ത്യാനിസമുദായം അനുഭവിക്കു ന്നതു് ഏതാദൃശമായ ഒരു അഭിമാനത്തിരത്തള്ളലാണു്. ന മ്മുടെ സമുദായം ലോകാരാദ്ധ്യനായ ഒരു മഹാപുരുഷനു ജന്മംകൊടുത്തു. ആ മഹാപുരുഷൻ തനിക്കു ജന്മംനൽകി യ സമുദായത്തെ സ്നേഹിക്കുകയും അതിനുവേണ്ടി ജീവി തമർപ്പിക്കുകയും ചെയ്തു. ഇതിൽപ്പരം അഭിമാനാവഹമാ യ എന്തൊരു സംഗതിയാണുള്ളതു്. ആ മഹാപുരുഷ നെ ആദരിക്കുന്നതിനേക്കാൾ ആഹ്ലാദപ്രദമായ മറ്റെ ന്തൊരു കൃത്യമാണു തൽസമുദായാംഗങ്ങൾക്കുള്ളതു്. ഈ സ്മരണയുടെയും ആദരവിന്റെയും കാതലായ അംശം അദ്ദേഹത്തെപ്പോലെ സ്വസമുദായത്തിൽ അഭിമാനം കൊള്ളുകയും അതിന്റെ പുരോഗതിക്കും നിലനില്പിനും വേണ്ടി പ്രയത്നിക്കുമെന്നു് പ്രതിജ്ഞചെയ്യുകയുമത്രെ. നമുക്കു് ഈ അവസരത്തിൽ അത്തരമൊരു അഭിമാന ത്തിനും അത്തരമൊരു പ്രതിജ്ഞയ്ക്കും അവകാശമുണ്ടു്; ആവശ്യവുമുണ്ടു്.

ജാതിയുടെയും സമുദായത്തിന്റെയും പേരു പറയു ന്നതു് ഫാഷനല്ലാതായിത്തീർന്നിട്ടുള്ള ഒരു കാലമാണി തു്. സ്വസമുദായമൈത്രിയുടെയും, സ്വമതസഹിഷ്ണ തയുടെയും, സ്വലോകസാഹോദര്യത്തിന്റെയും സങ്കര വിവാഹത്തിന്റെയും മറ്റും യുഗമാണല്ലൊ ഇതു്. ജാതി ചോദിക്കരുതു്, പറയരുതു്, ചിന്തിക്കരുതു് എന്നെല്ലാമുള്ള ആദർശങ്ങൾ നാം നിത്യമുരുവിടുന്നു. നമ്മുടെ മാതാ വായ കത്തോലിക്കാസഭതന്നെയും ഐക്യത്തിന്റെയും അഭേദചിന്തയുടെയും കാഹളം ഉച്ചത്തിൽ മുഴക്കിക്കൊ ണ്ടിരിക്കുന്നു. അത്തരമൊരു കാലഘട്ടത്തിൽ സമുദായം തിരിഞ്ഞു് ചിന്തിക്കുകയും സ്വസമുദായത്തിന്റെ പൂർവ്വ പ്രതാപങ്ങളിൽ അഭിമാനംകൊള്ളുകയും അതിന്റെ പാ രമ്പര്യങ്ങളെ പുനരുജ്ജീവിപ്പിക്കാൻ ശ്രമിക്കുകയും ചെ യ്യുന്നതു് അപഹാസ്യമല്ലേഎന്നൊരു ചോദ്യമുണ്ടായേക്കാം.

ആ ചോദ്യത്തിലടങ്ങിയിരിക്കുന്ന തത്വത്തോടു് ഞാനും യോജിക്കുന്നു. എന്നാൽ അതിനൊരു മറുവശമു ണ്ടു്. സർവ്വലോകസാഹോദര്യത്തിന്റെയും സർവ്വരാഷ്ട്ര സഹിഷ്ണുതയുടെയും ഭാഷയിൽ ഇന്നലെവരെ സം സാരിച്ചുകൊണ്ടിരുന്ന നമ്മുടെ ദേശീയനേതാക്കന്മാർ ഇന്നു് ഇന്ത്യയെന്നും ഇന്ത്യക്കാരെന്നുമുള്ള പ്രത്യേകാ ഭിമാനം വീണ്ടുംഭിപ്പിക്കുന്നതു് നാം കാണുന്നു. ആദർശവാ ദികളുടെ കണ്ണിൽ സങ്കുചിതമായ ദേശീയതയാണു് ഇ ന്നു നമ്മുടെ നാട്ടിൽ അലതല്ലുന്ന വികാരം. എന്നാലും നമുക്കു് ആ വികാരത്തെ അവഗണിക്കുവാനോ ഉപേ ക്ഷിക്കുവാനോ സാദ്ധ്യമല്ല. ഒരു മനുഷ്യനു് തന്റെ കു ടുംബത്തോടും സമുദായത്തോടും ദേശത്തോടും സ്നേഹം തോന്നുക സ്വാഭാവികമാണു്. അതെല്ലാം അവഗണിച്ചി ട്ടു് സർവ്വ സാഹോദര്യ ചിന്തയിലെത്തുക സാദ്ധ്യവു മല്ല. സ്വന്തം സമുദായത്തെയും രാജ്യത്തെയും സ്നേഹിക്കു ന്നതു് സങ്കുചിതമായ ദേശീയതയോ വർഗ്ഗീയതയോ ആ യി കരുതിക്കൂടാ. എന്നാൽ ആ സ്നേഹം മറ്റു സമുദായ ങ്ങളെയും രാഷ്ട്രങ്ങളെയും സ്നേഹിക്കുന്നതിനു വിഘ്ന മായിത്തീരുമ്പോഴാണു്—അപ്പോൾ മാത്രമാണു്—നമ്മുടെ വീക്ഷണം സങ്കുചിതമായിത്തീരുന്നതു്. വസ്തുതകളെക്കു റിച്ചുള്ള ഈ സമഗ്രവീക്ഷണം ലഭിച്ചിട്ടില്ലാത്ത അല്പി ഷ്ടരായ ആദർശവാദികളാണു് സമുദായമെന്നും മതമെ ന്നും രാഷ്ട്രമെന്നും കേൾക്കുമ്പോൾ നെറ്റി ചുളിക്കുന്ന തു്, ആധുനികലോകത്തിലെ ആദർശപുരുഷന്മാരിൽ അ ഗ്രിമനും ആധുനിക ശാസ്ത്രജ്ഞന്മാരിൽ അത്യുച്ചനുമായ പ്രൊഫസർ ഐൻസ്റ്റൈന്റെ അനുഭവം അത്തരം ആദ ർശവാദികളുടെമുന്നിൽ ഒരു ചോദ്യചിഹ്നമായി നിൽക്കു കയാണെന്ന വസ്തുത ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. എന്താണു് ആ അനുഭവമെന്നല്ലേ? യഹൂദവംശജനായ ഐൻസ്റ്റൈൻ മതനിഷ്പക്ഷതയുടെ ഒരന്തരീക്ഷത്തിലാ ണു ജനിച്ചു വളർന്നതു്. തന്റെ മതവും ജാതിയും ഏതാ ണെന്നുപോലും ചെറുപ്പകാലത്തു് അദ്ദേഹത്തിനു നിശ്ച യമില്ലായിരുന്നുവത്രെ. സ്വഭവനത്തിൽ മാതാപിതാക്ക ന്മാരുടെ മുഖത്തുനിന്നു് ജാതിമതാദികളെക്കുറിച്ചുള്ള സ്വ രംപോലും അദ്ദേഹം കേട്ടിട്ടില്ല. അദ്ദേഹം തിരഞ്ഞെടു ത്ത ജീവിതവൃത്തി ജാതിമതാദികളുമായി ബന്ധമില്ലാ ത്ത ശാസ്ത്രഗവേഷണത്തിന്റേതുമായിരുന്നു എന്നിട്ടും അദ്ദേഹം ഒരു യഹൂദസമുദായോദ്ധാരകനും വർഗ്ഗീയവാദി യുമായി മാറുകയാണുണ്ടായതു്. കാരണമുണ്ടു്; ജർമ്മനിയിൽ അന്നു് യഹൂദന്മാർ അനുഭവിച്ച നിന്ദയും മർദ്ദനവും അ ദ്ദേഹത്തിന്റെ ഹൃദയത്തെ സ്പർശിച്ചു. അങ്ങനെ അദ്ദേഹ ത്തിന്റെ സമുദായാഭിമാനം ജ്വലിച്ചുതുടങ്ങുകയും തീവ്ര വാദിയായ ഒരു സീയോണിസ്റ്റ്- യഹൂദപാരമ്പര്യോ ദ്ധാരകൻ- എന്ന നിലയിൽ അദ്ദേഹം എത്തിച്ചേരുക യും ചെയ്തു. ആധുനികലോകത്തിലെ സർവ്വജനപൂജിതനാ യ ഒരു ശാസ്ത്രജ്ഞന്റെ കഥയാണിതെങ്കിൽ സ്വന്തം സ മുദായമെന്നു പറയുമ്പോൾ നാമെന്തിനു ലജ്ജിക്കുന്നു? സ്വന്തം ദേശമെന്നു പറയുമ്പോൾ ഉളവാകുന്നതിനേക്കാൾ കൂടുതലായ ആവേശത്തോടും താൽപര്യത്തോടുംകൂടി വേണം നാം നമ്മുടെ സമുദായത്തെക്കുറിച്ചു ചിന്തിക്ക വാൻ. കേവലം പ്രകൃത്യനുസൃതവും ന്യായയുക്തവുമായ ഒരു സംഗതി മാത്രമാണതു്. അതുകൊണ്ടുതന്നെയാണു് കത്തോലിക്കസഭ വിവിധ രീത്യുകളെയും സമുദായങ്ങ ളെയും നിലനിർത്തിക്കൊണ്ടുപോരുന്നതും അവ ഓരോ ന്നിനെയും സ്വന്തം പാരമ്പര്യമനുസരിച്ചു വളരാൻ അനു വദിക്കുന്നതും. ഈ പശ്ചാത്തലത്തിൽവേണം സുറിയാനി

ക്രിസ്ത്യാനിസമുദായത്തിനു്, നസ്രാണിസമുദായത്തിനു് പാറേമ്മാക്കൽ ഗോവണ്ണ്ടോരച്ചൻ ചെയ്തിട്ടുള്ള സേവനങ്ങളെ തൽസമുദായാംഗങ്ങളായ നാം ഇന്നു വിലയിരുത്തുവാൻ.

ജീവചരിത്രം

ഗോവണ്ണ്ടോരച്ചന്റെ സമുദായസേവനത്തെയും സാഹിത്യസേവനത്തെയുംകുറിച്ചു പ്രതിപാദിക്കുന്നതിനുമുമ്പു് അദ്ദേഹത്തിന്റെ ജീവചരിത്രം സംക്ഷേപിച്ചു പറയാം. മീനച്ചിൽതാലൂക്കിൽ രാമപുരം പകുതിയിൽ കടനാട്ടു കരയിൽ പാറേമ്മാക്കൽവീട്ടിൽ 1736 കന്നി 10-ാം തീയതി കുരുവിള അന്ന എന്നീ ദമ്പതികളുടെ നാലാമത്തെ സന്താനമായി അദ്ദേഹം ജനിച്ചു, മീനച്ചിൽ ശങ്കരൻകത്താവിനോടു് മുന്നു വഷ്ം സംസ്കൃതവും കാനാട്ടു് അയ്പ്കത്തനാരോടു് മുന്നുവഷ്ം സുറിയാനിയും പഠിച്ചു. പിന്നീടു് ആലങ്ങാട്ടു സെമ്മിനാരിയിൽ ലത്തീനും പോർത്തുഗീസും പഠിച്ചു് 1761-ൽ വൈദികപട്ടം സ്വീകരിച്ചു. 1768-ൽ കടനാട്ടുപള്ളി വികാരിയായിരുന്നതായറിയാം. 1778-ലാണു് കരിയാറ്റി യൗസേപ്പുമല്പാനൊരുമിച്ചു് സാഹസികമായ റോമായാത്ര ആരംഭിച്ചതു്. 1786-ാമാണ്ടുവരെ നീണ്ടുനിന്ന ആ വിദേശപര്യടനം. യൗസേപ്പുമല്പാൻ പോർത്തുഗലിൽവച്ചു് മെത്രാൻപട്ടമേറ്റുവെങ്കിലും കേരളത്തിലെത്തുന്നതിനുമുമ്പു് ഗോവയിൽവച്ചു് അകാലചരമംപ്രാപിക്കയാണുണ്ടായതു്. മരിക്കുന്നതിനുമുമ്പു് അദ്ദേഹം പാറേമ്മാക്കൽ തോമ്മാക്കത്തനാരെ കൊടുങ്ങല്ലൂർരൂപതയുടെ ഗവണ്ണർ (ഗോവണ്ണ്ടോർ) ആയി നിയമിക്കയുണ്ടായി. ഗോവണ്ണ്ടോരച്ചൻ മടങ്ങിവന്നു് അങ്കമാലിയിൽ താമസിച്ചുകൊണ്ടു് കൊടുങ്ങല്ലൂർ രൂപതാഭരണം കയ്യേറ്റു. തിരുവനന്തപുരം മുതൽ കണ്ണൂർവരെയായിരുന്ന അന്നു് ആ രൂപതയുടെ വ്യാപ്തി. 1790-ൽ ടിപ്പുസുൽത്താന്റെ ആക്രമണം നിമിത്തം അങ്കമാലിയിൽനിന്നു് രൂപതാതലസ്ഥാനം വടയാറേറക്കു മാറേറണ്ടിവന്നു. 1798-ൽ ഒരു വാതരോഗത്തിന്റെ ആക്രമണമുണ്ടാവുകയാൽ അവിടെനിന്നു് സ്വദേശമായ രാമപുരത്തേയ്ക്കു പോരികയും അവിടെവച്ചു് 1799 മാർച്ചു് 20-ാംതീയതി കാലഗതി പ്രാപിക്കയുംചെയ്തു.

റോമായാത്രയുടെ ചരിത്രപശ്ചാത്തലം

യൂറോപ്പിൽ ക്രിസ്തുമതം പ്രചരിക്കുന്നതിനു വളരെ മുമ്പുതന്നെ ക്രിസ്തുശിഷ്യനായ തോമ്മാശ്ലീഹാ കേരളത്തിൽവന്നു് ക്രിസ്തുമതം പ്രചരിപ്പിക്കയുണ്ടായി എന്ന ചരിത്രവസ്തുത സുവിദിതമാണല്ലൊ. പാലയൂർ, കൊടുങ്ങല്ലൂർ, കോട്ടക്കാവു്, കോക്കമംഗലം, നിരണം, കൊല്ലം, നിലയ്ക്കൽ മുതലായപള്ളികൾ തോമ്മാശ്ലീഹാ സ്ഥാപിച്ചതാണു്. ആ വിശുദ്ധൻ പൂർവ്വതീരപ്രദേശങ്ങളിലും മതപ്രചരണാർത്ഥം സഞ്ചരിക്കുകയും മൈലാപ്പൂരിനടുത്തുള്ള ചിന്നമലയിൽവച്ചു് മതവിരോധികളാൽ വധിക്കപ്പെടുകയുംചെയ്തു. മാർത്തോമ്മാശ്ലീഹായിൽനിന്നു ക്രിസ്തുമതം സ്വീകരിച്ച കേരളത്തിലെ ക്രിസ്ത്യാനികളെ മാർത്തോമ്മാക്രിസ്ത്യാനികളെന്നും സുറിയാനിക്രിസ്ത്യാനികളെന്നും വിളിച്ചുവരുന്നു. അവരുടെ മതകർമ്മങ്ങൾക്കു സുറിയാനിഭാഷ ഉപയോഗിച്ചിരുന്നതിനാലാണു് അവർക്കു് സുറിയാനിക്രിസ്ത്യാനികൾ എന്ന പേരുണ്ടായതു്. 1498-ൽ പോർത്തുഗീസുകാരനായ വാസ്കോഡിഗാമാ കച്ചവടത്തിനായി കോഴിക്കോട്ടു വന്നടുത്തതോടുകൂടി സുറിയാനിക്രിസ്ത്യാനികളുടെയിടയിൽ പിളപ്പിനുള്ള ബീജാവാപംചെയ്തുവെന്നു പറയാം. പോർത്തുഗീസുകാർ കൊച്ചി, കൊടുങ്ങല്ലൂർ, കോഴിക്കോട്ട മുതലായ സ്ഥലങ്ങളിൽ കച്ചവടത്താവളങ്ങളുറപ്പിച്ചു. രാജ്യങ്ങൾ പിടിച്ചടക്കണമെന്നും മതപ്രചരണം നടത്തണമെന്നുമായിരുന്ന അവരുടെ അടുത്ത മോഹം. ആദ്യം അവർ കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളോടു മമതയിൽ കഴിഞ്ഞുവെങ്കിലും പിന്നീടവരുടെമേൽ ആധിപത്യം സ്ഥാപിക്കുവാനുള്ള ശ്രമം തുടങ്ങി. ഇതിനെസംബന്ധിച്ചു് കെ. പി. പത്മനാഭമേനോൻ കേരളചരിത്രത്തിൽ പറയുന്നതിങ്ങനെയാണു്. "സുറിയാനിക്രിസ്ത്യാനികളെയെല്ലാം തങ്ങളുടെ ഭരണത്തിൻകീഴിലാക്കുന്നതിനു് ക്രൂരമായ പല മാർഗ്ഗങ്ങളും അവർ അവലംബിച്ചു. പോർത്തുഗീസുകാർ ഗോവാ അവരുടെ തലസ്ഥാനമായുറപ്പിക്കുകയും കേരളത്തിലെ തീരപ്രദേശങ്ങളിൽ അവരുടെ ശക്തി വ്യാപിപ്പിക്കുകയും ചെയ്തതിനുശേഷം സുറിയാനിക്രിസ്ത്യാനികൾ മുൻകാലം മുതൽ മദ്ധ്യപൂർവ്വപ്രദേശങ്ങളിലെ പാത്രിയക്കീസുമാരുമായി പുലർത്തിവന്ന ബന്ധം പാടേ വിച്ഛേദിക്കുന്നതിനു പരിശ്രമിക്കയുംചെയ്തു. കേരളത്തിലെ ക്രിസ്ത്യാനികളെ ലത്തീൻ കത്തോലിക്കാവിഭാഗത്തിലേക്കു കൊണ്ടുവരുന്നതിനു് അവർ പല ഉപായങ്ങളും പ്രയോഗിച്ചു.... അനേകം സുറിയൻ ക്രിസ്ത്യൻ ബിഷപ്പന്മാർ പോർത്തുഗീസുകാരുടെ അക്രമങ്ങൾക്കും കുടിലതന്ത്രങ്ങൾക്കും വിധേയരായി. 1560-ൽ അക്കാലത്തു യൂറോപ്യൻരാജ്യങ്ങളിലുണ്ടായിരുന്നതുപോലെ ഗോവയിൽ 'ഇൻക്വിസിഷൻ' എന്നറിയപ്പെട്ടന്ന ഒരു വൈദികകോടതി സ്ഥാപിച്ചു.... നാട്ടക്രിസ്ത്യാനികളുടെയും അവരുടെ മേലദ്ധ്യക്ഷന്മാരുടെയും നടപടിക്രമങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനും അവരെ നേരായ മാർഗ്ഗത്തിൽ കൊണ്ടുവരുന്നതിനും പ്രസ്തുത വൈദികകോടതി ഉപയോഗിച്ചു."

ഗോവാ ആർച്ചുബിഷപ്പായിരുന്ന മെനേസിസ് തൃപ്പുണിത്തുറസ്സുട്ടുള്ള ഉദയംപേരൂർവച്ചു് 1599 ജൂൺ 20-ാംതീയതി ക്രിസ്ത്യൻ പുരോഹിതന്മാരുടെയും ജനനേതാക്കന്മാരുടെയും ഒരു സമ്മേളനം നടത്തി. ഈ സമ്മേളനമാണു് ഉദയംപേരൂർ സൂനഹദോസ് എന്നറിയപ്പെട്ടവരുന്നതു്. പോർത്തുഗീസ് ഗവണ്മെൻറിന്റെയും കൊച്ചി തുടങ്ങിയ ചില നാട്ടരാജാക്കന്മാരുടെയും പിൻതുണയോടും വൈദികകോടതിയുടെ സർവ്വാധികാരങ്ങളോടുംകൂടിയാണു് അദ്ദേഹം ഈ സൂനഹദോസ് വിളിച്ചുകൂട്ടിയതു്. ബാബിലോണിയ സുറിയൻ പാത്രിയർക്കീസുമാരെ പാടേ തൃജിച്ചു് കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളെ ലത്തീൻ വിഭാഗത്തിനു വിധേയമാക്കി ഗോവാ ആർച്ചുബിഷപ്പിന്റെ ഭരണസീമയിൽ ഉൾപ്പെടുത്തുകയായിരുന്നു ഈ സമ്മേളനത്തിന്റെ ഉദ്ദേശം. ഇതിന്റെ ഫലമായി 1599 ഡിസംബർ 20-ാംതീയതി സുറിയാനിക്രിസ്ത്യാനികളുടെ അങ്കമാലി അതിരൂപത പോർത്തുഗീസ്രാജാവിന്റെ രക്ഷാധികാരത്തിലുള്ള ഒരു രൂപതയായി തരംതാഴ്ത്തപ്പെട്ടു. പിന്നീടു് അങ്കമാലിയിൽനിന്ന രൂപതാതലസ്ഥാനം കൊടുങ്ങല്ലൂരേയ്ക്കു മാറുകയും വീണ്ടും അതിനെ അതിരൂപതയായുയർത്തുകയും

ചെയ്യുവെങ്കിലും ശ്രുപതാഭരണത്തിനു വിദേശികളെ മാത്രമാണു നിയമിച്ചതു്. ഇങ്ങനെ താല്ക്കാലികമായിട്ടെങ്കിലും കേരളത്തിലെ സുറിയാനിക്രൈസ്തവരെ പോർട്ടുഗീസ് മേധാവിത്വത്തിനിരയാക്കാൻ മെനേസിസ് ആർച്ചുബിഷപ്പിനു കഴിഞ്ഞു. എന്നാൽ അസംതൃപ്തരായ നസ്രാണികൾ (സുറിയാനിക്രിസ്ത്യാനികൾ) ബാബിലോണിയായിലെയും അന്ത്യോക്യായിലെയും പാത്രിയർക്കീസുമായി ബന്ധംപുലർത്തുകയും തങ്ങൾക്കൊരു സുറിയാനിമെത്രാനെ അയച്ചുതരണമെന്നപേക്ഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. തൽഫലമായി മദ്ധ്യപൗരസ്ത്യ ദേശത്തുനിന്നും അയിത്തല്ലാ എന്നൊരു മെത്രാൻ കേരളത്തിലേയ്ക്കു പുറപ്പെട്ടു. 1653-ൽ മദ്രാസിൽ വന്നു കപ്പലിറങ്ങിയ അദ്ദേഹത്തെ പോർട്ടുഗീസുകാർ ഉടനടി ബന്ധനത്തിലാക്കി കൊച്ചീക്കോട്ടയിലെത്തിച്ചു. നാട്ടുകാരായ സുറിയാനിക്രിസ്ത്യാനികൾ ഇതറിഞ്ഞു ക്ഷുഭിതരായി. അവർ ആലങ്ങാട്ടു് ഒരു സമ്മേളനം വിളിച്ചുകൂട്ടി. അനേകായിരം പേർ ചേർന്നു് ഒരു ജാഥയായി കൊച്ചീക്കോട്ടയിലെത്തി പോർട്ടുഗീസ് ഗവണ്മെന്റിനെ കണ്ടു് തങ്ങളുടെ മെത്രാനെ വിട്ടുതരണമെന്നാവശ്യപ്പെട്ടു. ഗവണ്മെന്റ് ആ അഭ്യർത്ഥന നിരസിച്ചതോടെ ക്ഷുഭിതരായ ജനക്കൂട്ടം ആയുധധാരികളായി കോട്ടയ്ക്കുള്ളിലേയ്ക്കു പാഞ്ഞു, എന്നാൽ ഇതിനകം കോട്ടയിൽനിന്നു് അയിത്തല്ലാമെത്രാനെ മാറ്റിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തെ കടലിൽ താഴ്ത്തിക്കൊന്നുകളഞ്ഞുവെന്നാണു് വിശ്വസിച്ചുപോരുന്നതു്. പോർട്ടുഗീസുകാരുടെ നീചമായ ഈ പ്രവൃത്തിയെ പ്രതിഷേധിച്ചുകൊണ്ടു നസ്രാണികൾ മട്ടാഞ്ചേരിയിൽ ഒരു കുരിശിന്മേൽ തൊട്ടുകൊണ്ടു് മേലാൽ പറങ്കികളുടെ കീഴിൽ ഇരിക്കുന്നതല്ലെന്നു സത്യംചെയ്തു. ഇതാണു് പ്രസിദ്ധമായ കൂനൻകുരിശുസത്യം. പിന്നീടു് ഏതാനും വൈദികരുടെ കൈവയ്പോടുകൂടി മെത്രാനെ വാഴിച്ചതും മറ്റും രസമുള്ള കഥകളാണു്. അങ്ങനെ മാറിയവരെ പുത്തൻകൂറുകാർ എന്നു വിളിക്കുന്നു. പിരിഞ്ഞുപോകാതെ മോചനത്തിനുള്ള നേരായ മാർഗ്ഗം കാണുകൊണ്ടു കഴിഞ്ഞുകൂടിയവരാണു് പഴയകൂറുകാരായ നസ്രാണികൾ, അഥവാ സുറിയാനി കത്തോലിക്കർ. കൂനൻകുരിശുസത്യം 1653-ലായിരുന്നു. ഒരു പത്തു കൊല്ലംകൂടി കഴിഞ്ഞപ്പോൾ കൊച്ചീക്കോട്ടയിൽനിന്നു പോർട്ടുഗീസുകാരെ ഡച്ചുകാർ ഓടിച്ചു. എങ്കിലും മതമണ്ഡലത്തിലുള്ള അക്രമഭരണം അവസാനിച്ചില്ല. മാറിവന്ന കമ്പിനിത്താപാതിരിമാർ വരാപ്പുഴ കേന്ദ്രമാക്കി സുറിയാനികത്തോലിക്കരെ അമർത്തിഭരിച്ചു. അവരുടെ അക്രമങ്ങൾക്കു് ചില ഉദാഹരണങ്ങൾ പാറേമ്മാക്കൽ ഗോവർണ്ണദോരച്ചൻ വർത്തമാനപ്പുസ്തകത്തിൽ നൽകിയിട്ടുള്ളതു് ഇവിടെ സംഗ്രഹിക്കാം.

ഒരിക്കൽ വരാപ്പുഴ മെത്രാസനപ്പള്ളിയിൽ ത്രേസ്യാപ്പുണ്യവതിയുടെ പെരുനാൾ കൊണ്ടാടുകയായിരുന്നു. പെരുനാൾക്കമ്പങ്ങളും ഡിന്നറുമെല്ലാംകഴിഞ്ഞു് ബിഷപ്പും പാതിരിമാരും ആഹ്ലാദിച്ചിരുന്നതിനിടയിൽ പള്ളി പൂട്ടാൻ മറന്നുപോയി. പിറേറദിവസം പള്ളിയിലെ കാസാ മുതലായ സ്വർണ്ണപ്പാത്രങ്ങൾ കാണാതായി. പെരുനാളിൽ സംബന്ധിക്കുന്നതിനു് നാട്ടുകാരായ പല വൈദികരും വന്നിരുന്നു. ഇടപ്പള്ളി വികാരിയായ കല്ലൂക്കാരൻ ഫാദർ ചാക്കോ എന്ന വൈദികനുമുണ്ടായിരുന്നു. പൂജാപാത്രങ്ങൾ മോഷ്ടിച്ചതു് ഈ വൈദികനാണെന്നു് പാതിരിമാർ പറഞ്ഞുപരത്തി. അദ്ദേഹത്തെ പിടിച്ചുകെട്ടുവാനായി ആയുധധാരികളായ ഒരു ജനസംഘത്തോടെ അവർ വരാപ്പുഴെനിന്നു പുറപ്പെട്ടു. ഫാദർ ചാക്കോ ഇതറിഞ്ഞു് ഇടപ്പള്ളി കൊട്ടാരത്തിൽ അഭയംതേടി. അവർ കൊട്ടാരവളപ്പിൽ കയറി ചാക്കോ കത്തനാരെ ബലമായി പിടിച്ചുകെട്ടി വരാപ്പുഴെ കൊണ്ടുചെന്നു് ഒരു മുറിയിലിട്ടു പൂട്ടി ക്രൂരമായി മർദ്ദിച്ചു. "തീരെം കുടിയും ഒന്നും കൂടാതെ,പട്ടിണിയിൽ മരിക്കണമെന്ന വിധിക്കയുംചെയ്തു." ഇങ്ങനെ തടവിൽ പട്ടിണികിടന്നു് മരിക്കാറായപ്പോൾ തനിക്കു് അന്ത്യകൂദാശകൾ നൽകണമെന്നു് ആ സാധുവൈദികൻ അപേക്ഷിച്ചു. ക്രൂരന്മാരായ പാതിരിമാർ അതിനു സമ്മതിച്ചില്ല. അങ്ങനെ തന്റെ പാവനമായ അന്ത്യാഭിലാഷം സാധിക്കാതെ ആ നസ്രാണിവൈദികൻ മരിച്ചു. അദ്ദേഹത്തിന്റെ മൃതദേഹം പാതിരിമാർ പായിൽ പൊതിഞ്ഞുകെട്ടി ഒരു കുളത്തിന്റെ കരയിൽ കുഴിച്ചിട്ടു. (വർത്തമാനപ്പുസ്തകം പേജ് 20)

1773-ൽ വരാപ്പുഴെ താമസിച്ചിരുന്ന പ്ലോരൻസിയോസ് എന്ന മിഷ്യനറിമെത്രാൻ മരിച്ചപ്പോൾ നസ്രാണിവൈദികരും ശവസംസ്കാരത്തിൽ സംബന്ധിക്കാൻ ചെന്നെത്തി. അവരെ പാതിരിമാർ ആട്ടിപ്പായിച്ചു. അപമാനിതരായ സുറിയാനിക്കാർ അങ്കമാലിയിൽ ഒരു യോഗം കൂടി. സുറിയാനിക്കാരുടെ ഇത്തവണത്തെ പുറപ്പാട് തങ്ങൾക്കു് അപകടം വരുത്തിവയ്ക്കുമെന്നറിഞ്ഞ പാതിരിമാർ അവരെ കൗശലത്തിൽ സമീപിച്ചു് പല വാഗ്ദാനങ്ങളുംചെയ്തു് വഞ്ചിച്ചു. സുറിയാനിവൈദികർക്കു് അരുളിക്കായെഴുന്നള്ളിക്കാനുള്ള അവകാശം നൽകാമെന്നും അവരുടെ വൈദികരെ ന്യായമായി വിസ്തരിച്ചു കുറ്റം തെളിഞ്ഞാലല്ലാതെ ശിക്ഷിക്കുകയില്ലെന്നുംമറ്റും പാതിരിമാർ എഴുതി ഒപ്പിട്ടുകൊടുത്തു. തല്ക്കാലം സുറിയാനിക്കാർ പിരിഞ്ഞുപോയി. എന്നാൽ പാതിരിമാർ അവരുടെ സ്വഭാവം പിന്നെയും കാണിച്ചു. പനച്ചിക്കൽ ഗീവർഗ്ഗീസുകത്തനാരെന്ന ഒരു നസ്രാണിവൈദികനെ അരുളിക്കായെഴുന്നള്ളിച്ചു എന്ന കുറ്റത്തിനു് പിടിച്ചുകൊണ്ടുവന്നു് കട്ടിലിൽ കെട്ടിയിട്ടുകൊണ്ടു് "വടുകരുടെ കൈകളാൽ തല്ലിച്ചതച്ചു." എത്രവേഗം തങ്ങളെഴുതിക്കൊടുത്ത ഉറപ്പു് പറങ്കിപ്പാതിരിമാർ ലംഘിച്ചുവെന്നു നോക്കുക. ഇത്തരം അനുഭവങ്ങളെക്കുറിച്ചു് തന്റെ അതുല്യമായ ശൈലിയിൽ തോമ്മാക്കത്തനാർ വികാരഭരിതനായി ഇങ്ങനെ എഴുതുന്നു— "- - - ഓത്തുകണ്ടാൽ കൊടുകൊള്ളുവാൻ ചെണ്ടയും പണംമേടിക്കാൻ കുറുപ്പും എന്നു പണ്ടൊരുത്തൻ പറഞ്ഞപോലെ ഇരിക്കുന്നു. പണം കൊടുപ്പാൻ നമ്മളും സ്ഥാനം കൈക്കൊള്ളുവാൻ അവരും. പല്ലക്കിൽ കേറുവാൻ അവരും പല്ലക്കു ചുമപ്പാൻ നമ്മളും അച്ചന്മാരവരും ചെറുക്കന്മാരു നിങ്ങളും. അപ്പഴോ ഇങ്ങനെയൊക്കെയും അവക്കു ബഹുമാനം വരുത്തിക്കൊടുത്താൽ നമുക്കുള്ള സമ്മാനം എന്തു്? നമ്മുടെ പട്ടക്കാർക്കു വിലങ്ങും തല്ലും മരണവും. നമ്മുടെ അൽമേനികൾക്കു നിന്ദയും ദുഃഖങ്ങളും."

ഈ അക്രമഭരണം അവസാനിപ്പിക്കുന്നതിനും നസ്രാണിജനതയ്ക്കു് സ്വദേശീയമെത്രാനെ ലഭിക്കുന്നതിനും വേണ്ടിയാണു് പാറേമ്മാക്കൽ തോമ്മാക്കത്തനാരും കരിയാറ്റിയൗസേപ്പുമല്പനുംകൂടി അത്യന്തം ക്ലേശകരവും സാഹസികവുമായ റോമായാത്ര നിർവ്വഹിച്ചതു്. പ്രസ്തുത യാത്രയുടെ വിവരണമത്രേ തോമ്മാക്കത്തനാരുടെ വർത്തമാനപ്പുസ്തകം.

ഇവരുടെ റോമ്മായാത്രയ്ക്ക് മറ്റൊരുദ്ദേശവുംകൂടി യുണ്ടായിരുന്നു. കത്തോലിക്കാസഭയിൽനിന്നു തെറ്റി ത്തിരിഞ്ഞുനിൽക്കുന്ന പുത്തൻകൂറുകാരെ സഭയുമായി രമ്യപ്പെടുത്തുക. ഇവർ യാത്രപുറപ്പെടുന്നകാലത്ത് പു ത്തൻകൂറുകാരുടെ മെത്രാനായി നിരണത്തു വാണിരു ന്നതു് കുറവിലങ്ങാട്ടുകാരനായ പള്ളിവീട്ടിൽ തോമ്മാ എന്ന ദേഹമായിരുന്നു. കത്തോലിക്കാസമുദായത്തിൽ ജനിച്ചു് യാക്കോബായസഭയിൽ ചേർന്നു് ആറാം മാ ത്തോമ്മാ എന്ന പേരിൽ മെത്രാൻപട്ടമേറ്റു് പാണിരു ന്ന അദ്ദേഹത്തിനു് തന്റെ കീഴിലുള്ള ജനങ്ങളോടുകൂടി കത്തോലിക്കാസഭയിലേയ്ക്ക് മടങ്ങിവരണമെന്നു് അതി യായ ആഗ്രഹമുണ്ടായിരുന്നു. അതിനാൽ അദ്ദേഹം കരി യാറ്റിൽ യൗസേപ്പുമല്പാനെ നിരണത്തു ക്ഷണിച്ചുവരു ത്തി തന്റെ ആഗ്രഹം അറിയിച്ചു. കത്തോലിക്കാസഭയു മായി ഐക്യപ്പെട്ടതിനുശേഷവും മെത്രാൻപദവിയും അധികാരവും ഉടനു ലഭിക്കണമെന്നുമാത്രമായിരുന്ന അ ദ്ദേഹത്തിന്റെ വ്യവസ്ഥ. കരിയാറ്റിൽ യൗസേപ്പുമല്പാനു് ആറാം മാത്തോമ്മായുടെ ഈ അപേക്ഷ അത്യന്തം സ്വീ കാര്യമായിത്തോന്നി. അദ്ദേഹം ആ വിവരം കൊട്ടങ്ങ ല്ലൂർ മെത്രാപ്പോലീത്തായെ അറിയിച്ചുവെങ്കിലും മെത്രാ പ്പോലീത്താ അതുസമ്മതിച്ചില്ല. സ്വദേശീയനായ ആറാം മാത്തോമ്മായെ കത്തോലിക്കാസഭയിലേയ്ക്കു സ്വീകരിക്കു കയും മെത്രാനായി തുടരാൻ അനുവദിക്കുകയും ചെയ്താൽ വിദേശീയരായ തങ്ങളുടെ സ്ഥാനം കുറഞ്ഞുപോകുമെ ന്നും സുറിയാനിക്കാരുടെമേലുള്ള തങ്ങളുടെ പിടി അയ ഞ്ഞുപോകുമെന്നുമായിരുന്ന അദ്ദേഹത്തിന്റെ ശങ്ക. ആ റാംമാത്തോമ്മായുടെ അഭിലാഷം മാർപ്പാപ്പാതിരുമേനി യെ നേരിട്ടറിയിക്കുകയും അദ്ദേഹത്തിനു് കത്തോലിക്കാ സഭയിലേയ്ക്ക് മാന്യമായനിലയിൽ പുനരൈക്യപ്പെടുന്ന തിനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യേണ്ട തു് തന്റെ കടമയാണെന്നു് കരിയാറ്റിൽമല്പാനു തോ ന്നി. ഇതായിരുന്നു റോമ്മായാത്രയുടെ രണ്ടാമത്തെ ഉദ്ദേ ശ്യം. ഇങ്ങനെ സുറിയാനിക്രിസ്ത്യാനികളുടെമേലുള്ള വി ദേശിഭരണം അവസാനിപ്പിക്കുന്നതിനും അവർക്കൊരു സ്വദേശിമെത്രാനെ ലഭിക്കുന്നതിനും നസ്രാണിസമുദായ ത്തിലുണ്ടായ പുത്തൻകൂർ-പഴയകൂർ ഭിന്നതതൽ അവസാ നിപ്പിച്ചു് അവരെ ഏകതൊഴുത്തിലേക്കു് ആനയിക്കുന്ന തിനുംവേണ്ടിയുള്ള മഹത്തായ ഒരു സംരംഭമായിരുന്ന ക രിയാറ്റിന്റെയും പാറേമ്മാക്കലിന്റെയും ക്ലേശഭൂയിഷ്ഠ മായ റോമ്മായാത്ര.

യാത്രയുടെ വൈഷമ്യങ്ങൾ

അന്നു് ആ യാത്രയിൽ അവർ സഹിച്ചിരിക്കാനി ടയുള്ള കഷ്ടപ്പാടുകളെക്കുറിച്ചു് ഇന്നു് നമുക്കൂഹിക്കുവാൻ പോലും സാദ്ധ്യമല്ല. അക്കാലത്തു് കേരളത്തിൽ റോഡ്, കളോ വാഹനങ്ങളോ ഉണ്ടായിരുന്നില്ല. കാൽനടയായി ട്ടാണു് അവർ മദ്രാസുവരെ യാത്രചെയ്തതു്. ഇന്നത്തെ പ്പോലെ കടലാസ്നോട്ടുകളില്ല. ചെമ്പിലും വെള്ളിയി ലുമുള്ള നാണയങ്ങൾ വഴിച്ചിലവിനാവശ്യമുള്ളിടത്തോ ളം കെട്ടിച്ചുമന്നുകൊണ്ടുപോകണം. ആഹാരസാധനങ്ങ ളും കരുതിക്കൊണ്ടുപോകണം. കപ്പൽയാത്രയുടെ കഥ യും ഇങ്ങനെതന്നെ. ഇന്നത്തെപ്പോലെ വേഗത്തിൽ സ ഞ്ചരിക്കുന്ന വൻതരം കപ്പലുകളൊന്നും അന്നുണ്ടായിരു ന്നില്ല. പാശ്ചാത്യരെല്ലാവരും കാറ്റിന്റെ കാരുണ്യംകാ ത്തുകഴിയുന്ന പായ്ക്കപ്പലുകളിലാണു് ഇവിടെവന്നു കച്ച വടം നടത്തിയിരുന്നതു്. അത്തരമൊരു കപ്പലിൽ സഞ്ചാ രികൾക്കു് ഇടം കിട്ടാൻതന്നെ പ്രയാസം. ഇടം കിട്ടിയാ ലും ഉദ്ദിഷ്ടസ്ഥാനത്തെത്തുന്നതിനുമുമ്പു് കടലിൽവച്ചുണ്ടാ കുന്ന വിവിധ രോഗങ്ങൾനിമിത്തം അകാലചരമം സം ഭവിക്കുന്നതും അസാധാരണമല്ലായിരുന്നു. നമ്മുടെ കഥാ പുരുഷന്മാർക്കും ഇത്തരത്തിലുള്ള അനേകം വൈഷമ്യങ്ങൾ ഉണ്ടായി. അതെല്ലാം വർത്തമാനപ്പുസ്തകത്തിൽ ഗോവ ണ്ണദോരച്ചൻ രേഖപ്പെടുത്തിയിട്ടുമുണ്ടു്. അന്നു് സൂയസ് കനാൽ തുറക്കപ്പെട്ടിരുന്നില്ല. അതുകൊണ്ടും ചെങ്കടൽവ ഴിക്കുള്ള യാത്ര അപായകരമായിരുന്നതുകൊണ്ടും ആഫ് റിക്കയുടെ തെക്കേ കോടി ചുറ്റിയാണു് അവർക്കു യാത്ര ചെയ്യേണ്ടിയിരുന്നതു്. പോർട്ടുഗീസുകാരുടെവക ഒരു ക പ്പലിൽ മദ്രാസ്സിൽനിന്നും പുറപ്പെട്ടു് ഗുഡ് ഹോപ്പ്മു നമ്പുചുറ്റി വടക്കോട്ടു സഞ്ചരിച്ചു് ബങ്ഗ്വേല പ്ര ദേശത്തു് ഏതാനുംനാൾ കിടന്നശേഷം തെക്കേഅമേരി ക്കയിലുള്ള ബ്രസീലിലേക്കു് തിരിക്കുകയും അവിടെനി ന്നും പോർട്ടുഗലിന്റെ തലസ്ഥാനമായ ലിസ്ബൺതുറ മുഖത്തെത്തിച്ചേരുകയും ചെയ്തു. അവിടെനിന്നും കുറേ നാൾകഴിഞ്ഞു് മെഡിറ്ററേനിയൻസമുദ്രംവഴി ഇറ്റലി യുടെ വടക്കുഭാഗത്തുള്ള ജനോവാപട്ടണത്തിലെത്തി. ഇ ങ്ങനെ 1778 തുലാമാസത്തിൽ ആരംഭിച്ച സമുദ്രയാത്ര 1779 കർക്കടകമാസത്തിലാണു് അവസാനിച്ചതു്. പി ന്നീടു് കരമാർഗ്ഗം സഞ്ചരിച്ചു് 1780 ജനുവരിയിൽ അ വർ റോമ്മായിലെത്തിച്ചേർന്നു. പോർട്ടുഗീസ് പാതിരി മാരുടെ കുത്തിത്തിരിപ്പുകൾമൂലം ഇവർക്കു് ഹൃദ്യമായ ഒരു സ്വീകരണമല്ല അവിടെ ലഭിച്ചതു്. ഉദ്ദിഷ്ടകാര്യം സാ ധിക്കാതെ നിരാശരായി അവർ മടങ്ങിപ്പോന്നു. അക്കൊ ല്ലം ജൂൺമാസത്തിൽ അവർ വീണ്ടും പോർട്ടുഗലിലെ ത്തി. ഏകദേശം അഞ്ചുകൊല്ലക്കാലം അവർ പോർട്ടുഗ ൽരാജ്യത്തു താമസിച്ചു. ഇതിനിടയിൽ പോർട്ടുഗീസ് രാജ്ഞിക്കു് ഇവരിൽ പ്രീതിതോന്നുകയും രാജ്ഞിയുടെ പ്രത്യേകസഹായത്താൽ കരിയാറ്റിനല്ലാൻ കൊട്ടങ്ങ ല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീത്തായായി നിയ മിക്കപ്പെടുകയുംചെയ്തു. 1783 ഫെബ്രുവരി 17-ാംതീയ തി ഞായറാഴ്ച ലിസ്ബൺപട്ടണത്തിലെ ഒരു ദേവാല ത്തിൽവച്ചാണു് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹ ണച്ചടങ്ങുകൾ നടന്നതു്. ഒടുവിൽ 1785 ഏപ്രിൽ 20-ാം തീയതി ലിസ്ബണിൽനിന്നും ഇന്ത്യയിലേയ്ക്കു പുറപ്പെ ട്ട ഒരു കപ്പലിൽ അവർ സ്വദേശത്തേയ്ക്കു മടങ്ങി. 1786 മേയ്മാസം 1-ാംതീയതി അവർ ഗോവായിലെത്തി. പോർട്ടുഗീസ് പാതിരിമാർ ഉണ്ടാക്കിയ പ്രതിബന്ധ ങ്ങൾകൊണ്ടു് അവർക്കു് ഉടനെ കേരളത്തിലേക്കു മട ങ്ങാൻ കഴിഞ്ഞില്ല. 1786 സെപ്റ്റംബർ 6-ാംതീയ തി ഡാക്ടർ ജോസഫ് കരിയാറ്റിൽ തിരുമനസ്സുകൊ ണ്ടു് സംശയാസ്പദമായ സാഹചര്യങ്ങളിൽ ദിവംഗതനാ യി. മരിക്കുന്നതിനുമുമ്പു് അദ്ദേഹം തന്റെ ഉത്തമസു ഹൃത്തും സഹചാരിയുമായിരുന്ന ഫാദർ പാറേമ്മാക്ക ലിനെ തനിക്കുപകരം കൊട്ടങ്ങല്ലൂർ അതിരൂപത ഭരി ക്കുവാൻ അധികാരപ്പെടുത്തുകയും ആ രൂപതയുടെ ഗോ വണ്ണദോർ (ഗവർണ്ണർ) ആയി നിയമിക്കുകയും തന്റെ സ്ഥാനചിഹ്നങ്ങളായ കുരിശും മാലയും മോതിരവും പാ റേമ്മാക്കലിനു നൽകുകയുംചെയ്തു.

ഗോവർണ്ണദോരുടെ മരണം

കരിയാറ്റിയുടെ മരണശേഷം ഫാദർ പാറേമ്മാക്കൽ കൊച്ചിയിൽ വന്ന് മഹാരാജാവിനെക്കണ്ട് അദ്ദേഹത്തിന്റെ ആനുകൂല്യം സമ്പാദിച്ചശേഷം തിരുവനന്തപുരത്തുചെന്ന് തിരുവിതാംകൂർമഹാരാജാവിന്റെ ആശംസകളും അംഗീകാരവും നേടി അങ്കമാലിയിലെത്തി കൊട്ടങ്ങല്ലൂർ രൂപതാഭരണം കയ്യേറ്റു. തിരുവനന്തപുരംമുതൽ കണ്ണൂർവരെയായിരുന്ന കൊട്ടങ്ങല്ലൂർ രൂപതയുടെ പരിധി എന്നു പറഞ്ഞിട്ടുണ്ടല്ലോ. അന്നു കേരളത്തിലുണ്ടായിരുന്ന പൗലീനോസ് പാതിരിയുടെ കണക്കനുസരിച്ച് ഗോവർണ്ണദോരച്ചൻഭരണഭാരമേൽക്കുമ്പോൾ കൊട്ടങ്ങല്ലൂർ രൂപതക്കീഴിൽ 84 സുറിയാനിപ്പള്ളികളും 16 ലത്തീൻപള്ളികളും 300 വൈദികരുമുണ്ടായിരുന്നു. വരാപ്പുഴക്കീഴിലാകട്ടെ 64 സുറിയാനിപ്പള്ളികളും 24 ലത്തീൻപള്ളികളും 34 ലത്തീൻവൈദികരും 120 സുറിയാനിവൈദികരും പുത്തൻകൂറുകാക്ക് 32 പള്ളികളും 80 വൈദികരും ഉണ്ടായിരുന്നു.

തോമ്മാക്കത്തനാർ ഭരണം ഏറ്റെടുത്തു് അധികം കഴിയുന്നതിനുമുമ്പു് 1788 ഫെബ്രുവരി 1-ാംതീയതി സുറിയാനിപ്പള്ളിക്കാരെല്ലാം അങ്കമാലിയിൽ ഒരു മഹായോഗംകൂടി. തോമ്മാക്കത്തനാരും ഈ യോഗത്തിൽ സംബന്ധിച്ചിരുന്നു. അങ്കമാലിയോഗം സുദീർഘമായ ചർച്ചകൾക്കുശേഷം "സമുദായത്തിനു നെറിവിന്റെ നിലയും ഒരുമ്പാടുണ്ടാകുവാനും നമ്മുടെ കാരണവന്മാർ നടന്നിരുന്ന മര്യാദയും ക്രമത്തനും തക്കവണ്ണം നടക്കേണതിനുമായി ഒരു "പടിയോല" എഴുതിവച്ചു. മിഷ്യനറിമാർ നിമിത്തം മലങ്കരസുറിയാനിക്കാർ സഹിക്കേണ്ടിവന്നിട്ടുള്ള എല്ലാ ദുരദൃഷ്ടങ്ങളേയും അപമാനങ്ങളേയും വിശദമായി വിവരിച്ചശേഷം പടിയോല ഇങ്ങനെ തുടരുന്നു:

"ഇതിൻവണ്ണം ഉപദ്രവം ചെയ്യുന്നവരെ മേല്പട്ടക്കാരായിട്ട സമ്മതിച്ചുവന്നാൽ ഏറിയ സങ്കടങ്ങളും ഞെരുക്കങ്ങളും വരുത്തിക്കയും പന്തിയും കൂറും വർദ്ധിപ്പിക്കയും ചെയ്യുന്നതല്ലാതെ നമ്മുടെ പരിഷയ്ക്ക് ഒരു ഗുണവും ക്ഷേമം ഉണ്ടാകയുമില്ലെന്നും തോന്നുകകൊണ്ടും മറ്റുള്ള നാട്ടുകളിലും ജാതികളിലും തന്റെ പരിഷയിലും പേച്ചിലും മേല്പട്ടക്കാരെ വാഴുന്നപോലെ നമ്മുടെ പരിഷയ്ക്കുംമേല്പട്ടക്കാർ നമ്മിൽതന്നെ ഉണ്ടാകണമെന്നു റോമയിലും പോർത്തുഗാളിലും ബോധിക്കകൊണ്ടും മേലിൽ നമ്മുടെ പരിഷയിൽത്തന്നെ മേല്പട്ടക്കാർ ഉണ്ടായേ കഴിയൂ എന്നു നാം വിശ്വസിക്കകൊണ്ടും നമ്മുടെ പരിഷയിൽ മേല്പട്ടക്കാർ ഉണ്ടായിവരുന്നതിനകം ബ. ഗോവർണ്ണദോരച്ചന്റെ കല്പനപോലെ പട്ടവും സൈത്തും വാങ്ങിക്കുന്നതല്ലാതെ നമുക്കു മേല്പട്ടക്കാരനായിട്ട മറ്റൊരു ജാതിയെ കൈക്കൊള്ളുകയില്ലെന്നും ഇപ്പോൾ നമ്മുടെമേൽ ഗോവർണ്ണദോരായിട്ട വാണിരിക്കുന്ന പാറേമ്മാക്കൽ തോമ്മാക്കത്തനാരച്ചനെ മെത്രാപ്പോലീത്തയായിട്ട വാഴിപ്പാൻ നാം എല്ലാവരുംകൂടി നിശ്ചയിക്കകൊണ്ടും അപ്രകാരം എത്രയും വിശ്വാസമുള്ള പോർത്തുഗാൾ രാജസ്ഥീയോട് അപേക്ഷിച്ചാൽ നമ്മുടെ അപേക്ഷ കൈക്കൊണ്ടില്ലെങ്കിൽ പോർത്തുഗൽ രാജാവിനെ മലങ്കര ഇടവക വഴങ്ങുന്നതിനുമുമ്പേ നമ്മുടെ കാരണവന്മാർ കണ്ടിരുന്നതുപോലെ ശുദ്ധ: പള്ളിക്ക വഴക്കമുള്ള കൽദായക്കാരുടെ മാർ യൗസേപ്പ എന്ന പേരുള്ള പാത്രിയക്കീസിനെ വഴങ്ങി അവിടെനിന്ന മെത്രാന്മാരെ വരുത്തി ബ. ഗോവർണ്ണദോരച്ചനെ വാഴിച്ചുകൊള്ളുമാറും--ഇപ്രകാരമൊക്കെ നാം എല്ലാവരുംകൂടി നിശ്ചയിച്ചുവയ്ക്കൊണ്ട് ഇതിനോട മറുത്തു പുറപ്പെട്ടുന്നവരെ പള്ളി യോഗത്തിൽനിന്നു പുറത്തു തിരിച്ചിരിക്കുന്നു എന്നും---മലങ്കരയുള്ള 84 ഇടവകക്കാരും ബാവായുടെയും പുത്രന്റെയും റൂഹാദ്കുദ്ശായുടെയും നാമത്തിൽ അങ്കമാലി വലിയപള്ളിക്കൽ ഗീവറുഗീസ് സഹദായുടെ മുൻപാകെവച്ചു സത്യമാകെ എഴുതിവച്ച പടിയോല."

കേരളീയ നസ്രാണികളുടെ അന്നത്തെ സ്ഥിതിയും അവരുടെ ദുഷ്നിശ്ചയവും പാറേമ്മാക്കൽ ഗോവർണ്ണദോരച്ചന്റെനേരെ അവർക്കുണ്ടായിരുന്ന വിശ്വാസാദരങ്ങളും വിളിച്ചറിയിക്കുന്ന ഒരു ചരിത്രരേഖതന്നെയാണിതു്. അളമുട്ടിയ പാമ്പു തിരിഞ്ഞുകടിക്കുന്നതുപോലെ നസ്രാണിജനത വിദേശീയ മേധാവിത്വത്തിനെതിരായി ഫണംവിരിച്ചു ചീറുന്നതു് നാമിവിടെ കേൾക്കുന്നു. ഒരുകണക്കിൽ വിദേശീയക്കെതിരായുള്ള ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ പ്രാരംഭകാഹളനാദമാണിതു്. എന്നാൽ ഗോവർണ്ണദോരെ മെത്രാപ്പോലീത്തയാക്കണമെന്നു തീരുമാനിക്കാൻ സുറിയാനിക്കാക്കവകാശമില്ലെന്നും മറ്റും പാതിരിമാർ തിരുവിതാംകൂർ കൊച്ചിരാജാക്കന്മാരുടെ പക്കൽ പരാതി ബോധിപ്പിച്ചു. രാജസ്ഥാനങ്ങൾ രണ്ടും ഗോവർണ്ണദോക്കും നസ്രാണികൾക്കും അനുകൂലമായ വിധി പുറപ്പെടുവിക്കയാണുണ്ടായതു്. ഗോവർണ്ണദോക്ക് രാജകീയമായ പദവികളും കല്പിച്ചനൽകി. എന്നാൽ പാതിരിമാരുടെ ഏഷണി റോമയിൽ വേണ്ടവിധം ഫലിക്കുകയാൽ തോമ്മാക്കത്തനാർ മെത്രാൻപദത്തിനു യോഗ്യനല്ലെന്നു് കർദ്ദിനാൾ അന്തോനെല്ലി വിധിയെഴുതി. ഈ വിവരം പോർത്തുഗീസുരാജാവിനെയും വരാപ്പുഴ വികാരി അപ്പസ്തോലിക്കയേയും അറിയിക്കയും ചെയ്തു. പാറേമ്മാക്കൽ തോമ്മാക്കത്തനാർ ന്യായമായർഹിച്ചിരുന്ന മെത്രാൻപദവിയും നസ്രാണിസമുദായം ആഗ്രഹിച്ചിരുന്ന സ്വദേശിഭരണവും അന്നു ലഭിക്കാതെ പോയതു് പോർത്തുഗീസ് പാതിരിമാരുടെ ശക്തിയായ ഉപജാപംകൊണ്ടുമാത്രമാണു്.

വർത്തമാനപ്പുസ്തകം

കരിയാറ്റി യൗസേപ്പുമല്പാനും പാറേമ്മാക്കൽ തോമ്മാക്കത്തനാരുംകൂടി നടത്തിയ റോമായാത്രയെ ആസ്പദമാക്കി തോമ്മാക്കത്തനാർതന്നെ എഴുതിയ ബൃഹത്തായ യാത്രാവിവരണഗ്രന്ഥമാണു് വർത്തമാനപ്പുസ്തകം. മലയാളത്തിലെന്നല്ല ഇൻഡ്യൻ ഭാഷകളിൽതന്നെ ആദ്യമായുണ്ടായ യാത്രാവിവരണഗ്രന്ഥമാണിതു്. ഈ ഒരു കാരണംകൊണ്ടു മാത്രമല്ല പ്രസ്തുത കൃതി ശ്രദ്ധേയമായിരിക്കുന്നതു്. ആധുനിക സഞ്ചാരസാഹിത്യകാരന്മാരെപ്പോലും ലജ്ജിപ്പിക്കുന്ന ത്യാജ്യഗ്രാഹ്യവിവേചനവും പ്രതിപാദനഭംഗിയും ഏകാഗ്രതയും വർത്തമാനപ്പുസ്തകത്തിൽ കാണുന്നുണ്ടു്. നാട്ടുഭാഷകളിലുണ്ടായിട്ടുള്ളതിൽവച്ചു് ഏറ്റവും വലിയ യാത്രാവിവരണഗ്രന്ഥവും ഇതുതന്നെയാണു്. അച്ചടിക്കപ്പെട്ടിട്ടുള്ള ഒന്നാംഭാഗംതന്നെ അനുരോളം പേജുകളുണ്ടു്. രണ്ടാംഭാഗം കണ്ടുകിട്ടിയിട്ടില്ല. 1100-ാമാണ്ടുവരെ പ്രസ്തുത രണ്ടാംഭാഗം കണ്ടിട്ടുള്ളവരുണ്ടെന്നു് മഹാകവി ഉള്ളൂർ പ്രസ്താവിക്കുന്നു. ഒന്നാംഭാഗത്തിൽ കുറെഭാഗങ്ങളും രണ്ടാംഭാഗം മുഴുവനും ആരോ മനഃപൂർവ്വം നശിപ്പിച്ചുകളഞ്ഞു എന്നുള്ള കിംവദന്തിയിൽ പരമാർത്ഥ

മുണ്ടായിക്കൂടെന്നില്ല. പ്ലാത്തോട്ടത്തിൽ സ്കറിയാ മത്തായി എന്ന സമുദായാഭിമാനിയുടെ ചെലവിൽ അതിരംപുഴ പ്രസ്സിൽനിന്ന് 1936-ൽ പ്രസിദ്ധംചെയ്ത ഒന്നാംഭാഗംതന്നെ ഇപ്പോൾ കിട്ടാനില്ലാതായിരിക്കുന്നു. പ്രസ്തുത ഗ്രന്ഥത്തെപ്പറ്റി സാഹിത്യചരിത്രം മൂന്നാംഭാഗത്തു് മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ പ്രസ്താവിക്കുന്നതിങ്ങനെയാണു്. ‘‘തോമ്മാക്കത്തനാരുടെ പ്രസ്തുത കൃതി ഏതുനിലയ്ക്കു നോക്കിയാലും കൈരളിക്കു് ഒരു കനകാഭരണമെന്നതന്നെ പറയേണ്ടതാണു്. ഗ്രന്ഥകാരന്റെ നിരീക്ഷണപാടവം ത്യാജ്യഗ്രാഹ്യവിവേചനാസാമർത്ഥ്യം വിവരണവൈദഗ്ദ്ധ്യം മുതലായ സിദ്ധികൾക്കു് എവിടെയും ഉദാഹരണങ്ങൾ കാണാം. സംസ്കൃതപ്രധാനമായ ഒരു ശൈലിയല്ല അദ്ദേഹത്തിനുള്ളതു്. പ്രത്യുത അന്നത്തെ സംഭാഷണരീതിയിൽനിന്നു മാറാതെ പ്രചുരപ്രചാരമായിരുന്ന ഒരുതരം ഭാഷാരീതിയാണു്. യാത്രാവിവരണത്തിനു് ഏറ്റവും യോജിച്ച ഒരു രീതിതന്നെയാണതു് എന്നുള്ളതിനു് സംശയമില്ല. ക്രിസ്ത്യാനികളുടെ ആവശ്യത്തെ പ്രായേണ മുൻനിറുത്തി രചിച്ചിട്ടുള്ള ഈ ഗ്രന്ഥത്തിൽ അവരുടെയിടയിൽ മാത്രം നടപ്പുള്ള വാക്കുകൾ അങ്ങിങ്ങു കാണാമെങ്കിലും അവയ്ക്കും സന്നിവേശവിശേഷംകൊണ്ടു് ഒരുവക സൗരഭ്യമാണു ലഭിച്ചിരിക്കുന്നതു്. ആകെക്കൂടി ഭാഷയിലെ ആകർഷകമായ ഒരു ഗദ്യഗ്രന്ഥം എന്നതിനു പുറമെ അക്കാലത്തെ ദേശചരിത്രം സമുദായചരിത്രം തുടങ്ങിയ വിവിധ വിഷയങ്ങളെപ്പറ്റി അന്യത്ര അസുലഭമായ വിജ്ഞാനത്തിന്റെ ഭണ്ഡാഗാരം എന്ന നിലയിലും വർത്തമാനപ്പുസ്തകം നമ്മുടെ സമഗ്രമായ ശ്ലാഘയെ അർഹിക്കുന്നു.’’ മഹാകവി ഉള്ളൂരിന്റെ ഈ വാക്കുകൾതന്നെ മറ്റു സാഹിത്യഗവേഷകന്മാരും ഭിന്നരീതിയിൽ ആവർത്തിക്കുന്നുണ്ടു്. പ്രൊഫസ്സർ കോന്നിയൂർ മീനാക്ഷിയമ്മ പറയുന്നതു് എഴുത്തച്ഛന്റെ കാലത്തിനുശേഷം മലയാളഭാഷയിൽ ഉണ്ടായിട്ടുള്ള ഗദ്യകൃതികളിൽവച്ചു് പ്രൗഢതകൊണ്ടും പ്രാധാന്യംകൊണ്ടും പ്രാമാണ്യംകൊണ്ടും ഏറ്റവും പ്രത്യേകത അർഹിക്കുന്ന കൃതിയാണു വർത്തമാനപ്പുസ്തകമെന്നത്രേ. ശ്രീ. മീനാക്ഷിയമ്മ ഇങ്ങനെ തുടരുന്നു: മലയാളഭാഷയ്ക്കു് വിശേഷിച്ചു ഗദ്യത്തിൽ ആശയം പ്രകടിപ്പിക്കാൻ അത്രകണ്ടു കഴിവില്ലെന്നാക്ഷേപിക്കാറുള്ളവർക്കു് ഒരു ശരിയായ സമാധാനം നൽകുന്നതോടൊപ്പം കഴിവുള്ളവരുടെ കയ്യിൽ കൈരളി എത്ര കമനീയമായി പരിലസിക്കുന്നു എന്നുള്ളതിനു് ഒരു നിദർശനവുമാണു് വർത്തമാനപ്പുസ്തകം. പുസ്തകത്തിൽനിന്നകിട്ടുന്ന കരിയാറ്റിമല്പാന്റെയും തോമ്മാക്കത്തനാരുടെയും സജീവചിത്രങ്ങൾ കോന്നിയൂർ മീനാക്ഷിയമ്മ ഇങ്ങനെ സംഗ്രഹിക്കുന്നു.

‘‘കരിയാറ്റിൽമല്പാന്റെ നേതൃത്വത്തിൽ നടത്തിയ യൂറോപ്യൻ യാത്രയുടെ വിവരണമെഴുതിയിരിക്കുന്നതു് തോമ്മാക്കത്തനാരാണെങ്കിലും പുസ്തകം പാരായണംചെയ്യുമ്പോൾ നമ്മുടെമുൻപിൽ പൊന്തിനിൽക്കുന്നതു ഗംഭീരപുരുഷൻ കരിയാറ്റിൽയൗസേപ്പുമല്പാൻതന്നെയാണു്. പണ്ഡിതനായ മല്പാന്റെ ഗാംഭീര്യവും ബാഹ്യസൗന്ദര്യവും വർണ്ണനകളുടെ ചായപ്പകിട്ടിൽ തെളിഞ്ഞു പ്രകാശിക്കുന്നുണ്ടു്. ഏതാപത്തിലും പ്രതിസന്ധിഘട്ടത്തിലും പതറാത്ത ആ അകക്കട്ടിയിൽ നാമതുതപ്പെട്ടുപോകുന്നനിലയിലാണു് അദ്ദേഹത്തെ ചിത്രീകരിച്ചിരിക്കുന്നതു്. ഒരിക്കൽപ്പോലും ഇല്ലെന്നു പറയാത്ത ആ ഔദാര്യമേന്മയും ധർമ്മനിരതത്വവും ദൈവഭക്തിയും ബുദ്ധിശക്തിയും കരുണയുടെ സജീവമായ വർണ്ണനകൾ വഴി തെളിഞ്ഞു പ്രകാശിക്കുന്നുണ്ടു്. മല്പാന്റെ വാക്കിലും നോക്കിലും പ്രകടമായ ദിവ്യതയും ആത്മാർത്ഥതകൊണ്ടുള്ള മുഖശോഭയും യൂറോപ്പിലുള്ള അധികാരികളെ വിസ്മയിപ്പിച്ചതുപോലെ നമ്മെയും ആശ്ചര്യപരതന്ത്രരാക്കുന്നു. അപൂർവ്വമായേ മഹാന്മാർ ലോകത്തു ജനിക്കാറുള്ളൂ. അങ്ങനെയുള്ള അപൂർവ്വംപേരിലൊരാളെയാണു് നാം വർത്തമാനപ്പുസ്തകത്തിന്റെ താളിലൂടെ കാണുന്നതു്. മല്പാന്റെ അനുയായിയും ഗ്രന്ഥത്തിന്റെ കർത്താവുമായ തോമ്മാക്കത്തനാരും ദൈവഭക്തിയിലും ബുദ്ധിശക്തിയിലും സൂക്ഷ്മനിരീക്ഷണത്തിലുമൊട്ടും പിന്നിലല്ലെന്നു് ഗ്രന്ഥത്തിന്റെ ഏതുഭാഗം വായിച്ചാലും നമുക്കു ഗ്രഹിക്കാം. വിശേഷിച്ചും അദ്ദേഹത്തിന്റെ ഔചിത്യബോധത്തിനും ന്യായബുദ്ധിയ്ക്കും തീക്ഷ്ണചിന്തയ്ക്കും എല്ലാറ്റിനുമുപരി സന്ദർഭമനുസരിച്ചു ശക്തിയായ ഭാഷാപ്രയോഗിക്കാനുള്ള കഴിവിനും അഗാധപാണ്ഡിത്യത്തിനും നല്ല തെളിവാണു് സ്വന്തം കൃതിയായ ഈ പുസ്തകം. മാതൃകാഭൂതമായ ഗദ്യഗ്രന്ഥങ്ങൾ അധികമില്ലാതെയിരുന്ന ആ കാലത്തു് ഇത്ര ജീവത്തായ ഒരു ഭാഷാശൈലിയിൽ സുദീർഘവും ക്ലേശകരവുമായ തന്റെ യാത്രയുടെ വിവരണം ചിത്രത്തിലെന്നപോലെ എഴുതാൻ കഴിഞ്ഞ കത്തനാരുടെ ഭാഷാപ്രയോഗപാടവം അന്യാദൃശംതന്നെ.’’ പ്രശംസിച്ചിട്ടു മതിയാകാത്തതുപോലെ ശ്രീ. മീനാക്ഷിയമ്മയുടെ ഹൃദയം ഗ്രന്ഥത്തിന്റെയും ഗ്രന്ഥകാരന്റെയും നേർക്കുള്ള അഭിനന്ദനാദരങ്ങൾകൊണ്ടു നിറഞ്ഞതായി കാണപ്പെടുന്നു. ആ മഹതിയുടെ ലേഖനത്തിലെ മറ്റൊരു ഭാഗംകൂടി ഉദ്ധരിക്കാം.

ഈകൃതിയിൽഏതുഭാഗത്തുംമുന്നിട്ടുനില്ക്കുന്നതു് മല്പാന്റെയുംകത്തനാരുടെയുംരാജ്യാഭിമാനവുംദേശസ്നേഹവും വർഗ്ഗാഭിമാനവും ഭാഷാസ്നേഹവുമാണു്. സൂക്ഷ്മചിന്തകനും നിതിജ്ഞനുമായകത്തനാർഓരോസന്ദർഭത്തിലും തന്റെഅനുഭവങ്ങൾപകർത്തിയിട്ടുവിചാരപരമായ ഒരു തത്വനിരൂപണംചെയ്തിട്ടുള്ളതു് വായിക്കുമ്പോഴാണു് ഈ മനോഭാവങ്ങളുടെമാഹാത്മ്യംമനസ്സിലാകുന്നതു്. ഗർവിഷ്ഠന്മാരായവിദേശികൾ മല്പാനോടും മറ്റും വീരപാണ്ഡിദേശത്തുവച്ചു ബഹുമാനം കാണിക്കാത്തതിൽ അവിടെയുള്ള നാടൻക്രിസ്ത്യാനികൾക്കു വിഷമം ഉണ്ടായതിനെപ്പറ്റി കത്തനാർ വർത്തമാനപ്പുസ്തകത്തിൽ ഇങ്ങനെ പറയുന്നു: ‘‘ഇതു എന്തുകൊണ്ടു് പക്ഷെ മുൻപിൽ ഞങ്ങളുമായിട്ടു് അവർക്കുള്ള കണ്ടറിവുകൊണ്ടോ ഞങ്ങൾ ഏതാനും മനുഷ്യരെ അവർക്കു ചെയ്തതുകൊണ്ടോ? ആയതു് ഒന്നുകൊണ്ടുമല്ല. പിന്നെയോ നാമെല്ലാവരും ഒരു ജാതി അതായതു് ഇന്ത്യാക്കാരു് ആകകൊണ്ടു് വർഗ്ഗത്തിനടുത്ത ഈ സ്നേഹം അവരുടെ ഹൃദയങ്ങളെ ഇളക്കിയതുകൊണ്ടത്രേ.’’ ഇന്നത്തെ ഭാരതീയർക്കുപോലും ഭാവിക്കാൻ കഴിയാത്ത ഒരു സ്വരാജ്യാഭിമാനമല്ലേ ഗ്രന്ഥകർത്താവിന്റെ ശക്തിയേറിയ വാക്കുകളിൽ നാം കാണുന്നതു്.’’

റോമായാത്രയുടെ ഉദ്ദേശംതന്നെ മലങ്കരനസ്രാണികൾക്കു് ജാതീയമായ ഒരു സഭാഭരണം സമ്പാദിക്കണമെന്നുള്ളതായിരുന്നല്ലൊ. അതിനാൽ ആ സംഗതിയെപ്പറ്റി പ്രതിപാദിക്കുന്ന ശ്രദ്ധേയമായ ഘട്ടങ്ങളിലൊന്നു വർത്തമാനപ്പുസ്തകത്തിൽനിന്നുദ്ധരിക്കാം. ‘‘എന്നാൽ ജാതിക്കു തലവൻ ആ ജാതിയിൽതന്നെ ഉണ്ടായിരിക്കുന്നതിനാൽ ആ ജാതിക്കു ബലവും കരുത്തും ഏറ്റം ഉണ്ടാകുമത്രേ എന്നുള്ള പട്ടാങ്ങ നമുക്കുതന്നെയല്ല പിന്നെയോ എല്ലാ ജാതിക്കും പ്രസിദ്ധമായിരിക്കുന്ന കാര്യവും വർഗ്ഗന്യായ

ത്താൽതന്നെ കല്പിക്കപ്പെട്ടിരിക്കുന്ന വസ്തുതയും അത്രേ ആകുന്നു. എന്നതുകൊണ്ട് എറോപ്പായിലുള്ള ജാതികൾ അതായതു് ഇത്താലിയാക്കാരും ഇൻഗ്ലേശന്മാരും പറങ്കികളും മറ്റു ശേഷമുള്ള ജാതിക്കാരെല്ലാം തങ്ങൾ തങ്ങൾക്കു നാട്ടുവാഴികളെയും വേദവാഴികളെയും തങ്ങൾ തങ്ങളുടെ ജാതിയിൽതന്നെ തെരഞ്ഞെടുക്കുമാറാകുന്നു. എന്നതന്നെയല്ല പിന്നെയോ തുക്കിന്റെ അടിമയിൽ പാട്ടപെട്ടുകിടക്കുന്ന നസ്രാണികൾ പലപല ജാതികൾ അതായതു് യൗനായക്കാരും അമ്മാന്യാക്കാരും സുറിയാനിക്കാരും ശേഷമുള്ളവരും തങ്ങൾതങ്ങളുടെ ജാതിയജമാന്മാരെയും വേദവാഴികളെയും തങ്ങളുടെ ജാതിയിൽനിന്നുതന്നെ കല്പിക്കയും ചെയ്യുന്നു. ഇതൊക്കെയും നമ്മുടെ ഈ നാട്ടിൽ സൂക്ഷിച്ചുകണ്ടാൽ പഴയകൂറുകാരു ഒഴികെ ശേഷമുള്ള ജാതികളൊക്കെയും ബ്രാഹ്മണജാതിതൊട്ടു പുലയജാതിയോളംഓരോരോജാതിക്കുള്ള തലവരുംവേദവാഴികളും തങ്ങൾക്കു തങ്ങളുടെ ജാതിയിൽനിന്നായിരിക്കയും അതുകൊണ്ടു തങ്ങളുടെ ജാതി ഒക്കെയ്ക്കും ബന്ധിക്കുന്ന വാഗ്ദാനം ഉണ്ടായാൽ ജാതിയുടെ തലവരും സഹായിക്കുന്നവരും എന്നപോലെ എല്ലാവരെക്കായിലും മുമ്പിൽ തങ്ങൾ പുറപ്പെട്ടമാറായിരിക്കയും ചെയ്യുന്നു.''

സ്വയംഭരണമെന്ന ആശയം എത്രയും യുക്തിയുക്തമായി സ്ഥാപിക്കുകയും അതിനുവേണ്ടി സജ്ജനങ്ങളെ ആഹ്വാനംചെയ്കയുംചെയ്യുന്ന ഗ്രന്ഥമാണിതെന്നു് ഈ ഉദ്ധരിച്ച ചെറിയഖണ്ഡികയിൽനിന്നുതന്നെ വ്യക്തമാകുന്നതാണു്.ഇങ്ങനെ നസ്രാണിജനതയെ ആത്മബോധമുള്ളവരാക്കിത്തീർക്കുകയും അവർ ചുമന്നുകൊണ്ടുനടക്കുന്ന അടിമത്തനുകത്തിന്റെ വലിപ്പം അവക്കു വെളിപ്പെട്ടുത്തിക്കൊടുക്കുകയും ചെയ്തുകൊണ്ടു് ഒരു വലിയ വിമോചനസമരത്തിനു നേതൃത്വംകൊടുക്കുകയാണു് പാറേമ്മാക്കൽ തോമ്മാക്കത്തനാർ ചെയ്തതു്. ഫറവോന്റെ അടിമത്തത്തിൽനിന്നു് ഇസ്രായേൽക്കാരെ മോചിപ്പിച്ച മൂശേയോടാണു് കരിയാറ്റിമല്പാനെയും തോമ്മാക്കത്തനാരെയും താരതമ്യപ്പെടുത്തേണ്ടതു്. ആ വിമോചനസമരത്തിന്റെ കഥയും കാഹളനാദവുമാണു് വർത്തമാനപ്പുസ്തകത്തിൽ ഗോവർണ്ണദോരച്ചൻ രേഖപ്പെടുത്തിവച്ചിരിക്കുന്നതു്. ഡാ. പി. ജെ. തോമ്മസ് അഭിപ്രായപ്പെട്ടതുപോലെ ഇത്ര വിലയേറിയതും രസകരവുമായ ഈ ഗ്രന്ഥം നഷ്ടപ്പെട്ടുപോകാനിടയാകാതെ പൂർണ്ണമായി തേടിപ്പിടിച്ചു മുദ്രണംചെയ്യുവാൻ സർവ്വരും സാഹിത്യ അക്കാദമിയും ശ്രദ്ധിക്കേണ്ടതാണു്. പ്രാചീന ഗദ്യത്തിന്റെ മാതൃകയെന്നനിലയ്ക്കും ചരിത്രസംബന്ധമായ ഒരു പുരാതന രേഖയെന്നനിലയ്ക്കും എല്ലാ ജനവിഭാഗത്തിനും ഈ കൃതി ഒരു അമൂല്യസ്വത്തായിരിക്കും. എന്നാൽ നമ്മുടെ പൂർവ്വികന്മാർ അനുഭവിച്ച ക്ലേശങ്ങളുടെയും അവർ നയിച്ച സാഹസികസമരങ്ങളുടെയും ഒരു ചരിത്രമെന്നനിലയിൽ കേരളീയനസ്രാണികൾക്കു് അത്യന്തം വിലപ്പെട്ടതാണു് വർത്തമാനപ്പുസ്തകം. അതു നഷ്ടപ്പെട്ടുപോകാതെ സൂക്ഷിക്കുമാത്രമല്ല ഓരോ കേരളീയനും ആ മഹിത പാരമ്പര്യത്തിന്റെ ചൈതന്യം ലഭിക്കുമാറു് അതിനു് പ്രചാരംനൽകേണ്ടതും നമ്മുടെ മുഖ്യകർത്തവ്യമാണു്.

കവികൾക്കും സാഹിത്യകാരന്മാർക്കും ദേശീയനേതാക്കന്മാർക്കും സ്മാരകങ്ങളേർപ്പെടുത്തുന്ന ഒരു കാലമാണല്ലോ ഇതു്. ആധുനികഗദ്യത്തിന്റെ പിതാവു്, പ്രഥമ ഭാരതീയയാത്രാവിവരണത്തിന്റെ കർത്താവു്, പ്രഥമ ദേശീയചിന്താപ്രണേതാവു് എന്നീ നിലകളിലെല്ലാം അനശ്വരനായിത്തീർന്നിട്ടുള്ള തോമ്മാക്കത്തനാർക്കു സമുചിതമായ ഒരു സ്മാരകം നിർമ്മിക്കുന്നതിൽ നമ്മുടെ സർക്കാരും സാഹിത്യ അക്കാദമിയും അമാന്തിക്കയില്ലെന്നു പ്രതീക്ഷിക്കാം. എന്നാൽ അങ്ങനെയൊരു സംരംഭത്തിനു മുൻകൈയെടുത്തു് തങ്ങളുടെ വീരപൂർവ്വികന്റെ സ്മരണ നിലനിർത്തുകയും, തങ്ങൾക്കു് ഈ മണ്ണിൽ തലയുയർത്തി നടക്കാറാക്കിത്തീർത്ത ആ സമുദായാഭിമാനിയെ ബഹുമാനിക്കുകയും ചെയ്യേണ്ടതു് നസ്രാണിസമുദായത്തിന്റെ കർത്തവ്യമാണു്. ക്രൈസ്തവാനികളെല്ലാം ഒന്നായിത്തീരുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ ഇത്തരം സംരംഭങ്ങൾക്കു സ്ഥാനമെവിടെ എന്ന സംശയത്തിനു് മുഖവുരയിൽതന്നെ ഞാൻ സമാധാനം നൽകിയിട്ടുണ്ടു്. ഒന്നാകുന്നതും നന്നാകുന്നതും കാമ്യംതന്നെ. അതിനു് പൂർവ്വചരിത്രങ്ങളെയും വ്യക്തിത്വത്തെയും നശിപ്പിക്കണമെന്നില്ല. കേരളം അവിഭക്തമാകുകയും, ഇന്ത്യ ഒന്നാകുകയുംചെയ്തിട്ടും നമ്മുടെ പ്രാദേശികനേതാക്കന്മാരിൽ നാം അഭിമാനംകൊള്ളാറുണ്ടല്ലൊ. ചരിത്രത്തിന്റെ ബലിഷ്ഠമായ അസ്തിവാരത്തിലല്ലാതെ ഭാവിയുടെ മോഹനസൗധം നമുക്കു പടുത്തുയർത്താവതല്ല. ഐക്യത്തിന്റെ മോഹനമുദ്രാവാക്യവുമായിവന്നു് ആരും നമ്മെ അടിമകളാക്കാതിരിക്കണമെങ്കിൽ നാം നമ്മെത്തന്നെ അറിയുകയും സ്വയം ശക്തിയാർജ്ജിക്കുകയും വേണം. ചൈനീസാക്രമണത്തിൽനിന്നു് ഇന്ത്യ പഠിച്ച ഈ മഹനീയപാഠം ദൈനംദിന രാഷ്ട്രീയജീവിതത്തിൽ കേരളീയക്രിസ്ത്യാനികൾ വളരെക്കാലമായി പഠിച്ചുകൊണ്ടിരിക്കുന്നതാണു്. അവർ ഇനിയെങ്കിലും അവരെത്തന്നെ അറിയുന്നതിനും ആദർശത്തിലടിയുറച്ചുനിന്നു ബലംപ്രാപിക്കുന്നതിനും പാറേമ്മാക്കൽ ഗോവർണ്ണദോരച്ചന്റെ പുണ്യസ്മരണ പ്രചോദനംനൽകട്ടെ എന്ന പ്രാർത്ഥനയോടുകൂടി ഈ ലഘുപ്രബന്ധം ഞാനുപസംഹരിച്ചുകൊള്ളുന്നു.

—മാത്യു ഉലകംതറ

(മാർച്ചു് 24-നു നടന്ന പാലായിൽ നടന്ന ചരമവാർഷികയോഗത്തിലെ പ്രസംഗം)

First Greek-Catholic Carmel.

First Attempts

On the occasion of the International Eucharistic Congress of Barcelona in 1952, His Beatitude Maximos IV Patriarch of Antioch and of all East, H. E. Mgr. J. Maleuf and the Most Rev. Fr. Paul Achkar Superior General of the Paulist Missionaries came as Delegates. The latter, now archbishop of Latakia (Syria) who from many years back had cherished the idea of founding a Reformed Carmel in the Libanon, through providential happenings contacted the Nuns of Calatayud whose community was full of missionary zeal.

Mgr. Achkar and the Carmel of Calatayud began maintaining a long correspondence during several years about the possibilities of the foundation, about the difficulties and the ideas for its realization. They thought the change of rite to be the best means of adaptation to the Near East; this idea was proposed to the Sacred Congregation of the Oriental Church and this accepted it enthusiastically. But difficulties arose.

In the year 1958 Mgr. Nabaa, the Greek Catholic Archbishop of Beyrouth, applied to Rome for the foundation, and on the 13th January 1961 the Sacred Congregation for Religious granted the necessary licences for a group of Spanish Discalced Carmelite Nuns to be transferred to the Libanon in order to found a Carmel of the Greek - Melkite Rite. On the 20th of the same month a Rescript of the Sacred congregation for the Oriental church granted Mgr. Nabaa the necessary faculties to realize the foundation.

The Carmelites Arrive

In June 1961 three Carmelite nuns of Calatayud started for the Lebanon; a few months later they were followed by other six sisters belonging to the Convents of Calatayud, Pamplona and Jaen.

The nuns were received with extraordinary affection. His Beatltude Maximos IV, Mgr. Nabaa and Mgr. Achkar unceasingly expressed how great were their expectations about the new Carmel — all see in it the best and the most efficacious means of reaching that union so much desired by Jesus and cared by the Pope.

Adaptation to the Greek Rite

This is the first Carmel that embraces the Greek rite. It is an extraordinary case in the History of the Church... The constitutions by which the new Carmel will be ruled are the same as these of other convents. The change affects only the liturgy.... The sisters sing and pray in Greek during the Mass. For the Divine Office about two years of preparation will be required. The definitive Carmel is near the Great Greek church of St. Paul. The new Carmel bears the title of "Carmel of Unity". The foremost aim of the foundation is prayer and sacrifice for the Union of the Christians.

Provisional Foundation

On the 10th June 1961, the Pentecost Day, His Beatitude Maximos IV said a solemn thanksgiving Mass in the chapel of the Convent. In his sermon he expressed his joy of eeing "the increase" of the Oriental Carmel and of seeing its entering into the second phase of of its life. The third one - he said - will come when the liturgical formation has been acquired and the Carmel may definitely live it in all its perfectiou.

After the Mass Mgr. Achkar, just arrived from Rome, gave the nuns a rosary and a silver-medal gifts from the Holy Father to the sisters of the Oriental Rite, and transmited them the joy of the Pope for the new foundation.

.. ..

The "Carmel of Unity" is under the jurisdiction of the Archbishop of Beyrouth. Three Lebanese girls have already applied for admission and one of them will soon be received into the cloister.

Fr. Nereus O. C. D

സന്യാസസമൂഹങ്ങൾ സഭാസേവനം വ്രതമാക്കിയിട്ടുള്ളവയാണ്. ഇന്ത്യയിൽ അവ ഡസൻകണക്കിനുണ്ടുതാനും. കേരളസമൂഹങ്ങളെ മാറ്റിനിറുത്തിയാൽ ബാക്കിയെല്ലാം വിദേശീയമോ, വിദേശസംസ്കാരം പിടിപ്പിച്ചതായിട്ടുള്ളവയോ ആണ്. പാശ്ചാത്യസഭയെ വളർത്തുന്നതുമാത്രമായിരുന്ന അവയുടെ ഇതുവരെയുള്ള ചരിത്രം. അതിനുവേണ്ടി നമ്മുടെ ഞാളകളെപ്പോലും റിക്രൂട്ടുചെയ്തുകൊണ്ടുപോയി പരിശീലിപ്പിച്ചിരുന്നു. ഇവയ്ക്കൊക്കെ ഫാ. നെറെവൂസ് അവർകളുടെ മേൽക്കാണിച്ചിരിക്കുന്ന ലേഖനം വെളിച്ചം നൽകും. സന്യാസസമൂഹങ്ങൾക്കെല്ലാം സുറിയാനിപ്രവിശ്യകളുണ്ടാകുക എന്ന ഒരു മാർഗ്ഗമേ സ്വീകാര്യമായിട്ടുള്ള.

(പത്രാധിപർ)

വി. കുർബാനയും വി. ഗ്രന്ഥവും

പരിഷ്കരിച്ച നമ്മുടെ കുർബാനക്രമത്തിലെ വി. ഗ്രന്ഥഭാഗങ്ങളെ പുരസ്കരിച്ചുള്ള ഒരു പഠനം വി. കുർബാനയിൽ കൂടുതൽ സജീവമായി പങ്കുകൊള്ളുവാൽ സഹായകമായിരിക്കുമെന്നു വിശ്വസിക്കുന്നു. പൗരസ്ത്യരെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ തിരുവായ്മൊഴിയും വി. കുർബാനയോളംതന്നെ പവിത്രത അവർ കല്പിക്കുന്നുണ്ട്. തന്നിമിത്തം പൗരസ്ത്യ ആരാധനക്രമങ്ങളിൽ വിശിഷ്യാ നമ്മുടെ കുർബാനക്രമത്തിൽ മിശിഹായുടെ തിരുവായ്മൊഴി ഉൾക്കൊള്ളുള്ള സുവിശേഷഗ്രന്ഥം എപ്പോഴും ബലിപീഠത്തിൽ ഉണ്ടായിരിക്കണമെന്നു പ്രത്യേകിച്ചു നിർദ്ദേശിച്ചിരിക്കുന്നു. പ്രകൃതത്തിൽ പ്രത്യേകം സ്മരണീയമാണു വി. ഗ്രന്ഥത്തിലെ വരമൊഴിയും വി. കുർബാനയോളംതന്നെ പ്രാമാണ്യം ആദിമ ക്രിസ്ത്യാനികളും നൽകിയിരുന്നുവെന്ന വസ്തുത. സംഘാലയശ്രുശ്രൂഷയുടെ അനുകരണമാണല്ലൊ അനാഗതരുടെ കുർബാന. (Mass of the Catechumens) യഹൂദന്മാർ തങ്ങളുടെ സംഘാലയങ്ങളിൽ എല്ലാശാബതങ്ങളിലും നിയമവും നിവ്യന്മാരും വായിച്ചിരുന്നതുപോലെ നമ്മുടെ കുർബാനയുടെ ആദ്യഭാഗത്തു് ലേഖനസുവിശേഷ ഭാഗങ്ങളിൻനിന്നും രണ്ടു വായനകൾ ചേർത്തിട്ടുണ്ട്. (റാസകുർബാനയിൽ വിശേഷാൽ ഒരു വായനകൂടി ഉണ്ടായിരിക്കും) ഇവകൂടാതെ നമ്മുടെ കുർബാനയുടെ ആരംഭംമുതൽ വി. ഗ്രന്ഥഭാഗങ്ങൾ പദാനുപദമായും അല്ലാതെയും വിവർത്തനങ്ങളുടെ രാജ്ഞിയായ പ്ശീത്താ അനുസരിച്ചു് (Pishitha the Queen of the Versions) സുലഭമായി എടുത്തുചേർത്തിട്ടുണ്ട്. ലത്തീൻ റീത്തിൽപ്പെട്ടവർക്കും ഇപ്പോൾ നമ്മുടെ കുർബാനയിലെ ചില ഭാഗങ്ങളുടെ സവിശേഷത ബോദ്ധ്യമായിവരികയാണു്. അതിനു ഒരുദാഹരണം ഉദ്ധരിച്ചിട്ടുണ്ട് ഈ ലേഖനാവസാനത്തിൽ. നമ്മുടെകുർബാനയിലെ വി. ഗ്രന്ഥഭാഗങ്ങൾ യഥാക്രമം കീഴെ കുറിച്ചുകൊള്ളുന്നു.

1 അത്യുന്നതങ്ങളിൽ····നല്ലശരണം.
കുർബാനക്രമം പുറം I
ലൂക്കാ അദ്ധ്യായം II. വാക്യം 14

2 സ്വർഗ്ഗസ്ഥനായ····വരണം കു. ക്ര. പു. 1
മത്ത. അ. VI വാ. 9····13

3 നീ പരിശുദ്ധൻ····നിറഞ്ഞിരിക്കുന്നു
കു. ക്ര. പു. 1. 2
ഏശയ്യ അ. VI വാ. 3

4 കർത്താവേ!····ഇളക്കം തട്ടുകയില്ല കു. ക്ര. പു. 3. 4
സങ്കീർത്തനം 15

5 കർത്താവേ!····സ്തുതിക്കും കു. ക്ര. പു. 4
സങ്കീർത്തനം 150

6 സകല ജാതികളെ····കർത്താവാകുന്നു
കു. ക്ര. പു. 4.5.
സങ്കീർത്തനം 116

7 ലേഖനസുവിശേഷഭാഗങ്ങൾ പഞ്ചാംഗത്തിൽ കൊടുത്തിരിക്കുന്നപ്രകാരം വായിക്കുന്നു

8 പുരോഹിതൻ····ലാക്സെമ്ഹ്ഹാ കു.ക്ര പു.10
എബ്രാ. അ. I വാ. 3
"അവന്റെ മഹത്വത്തിന്റെ പ്രഭയും അവന്റെ സത്തയുടെ പ്രതിമയുമായ നിന്നെ"

9 മ്ശീഹാ····ദ് അൽമാ കു. ക്ര. പു. 10
യോഹ. അ. I വാ. 5. 9
"മിശിഹാ ലോകത്തിന്റെ പ്രകാശം"

10 നിങ്ങൾക്കു സമാധാനം കു. ക്ര. പു. 11
യോഹ. അ. XX വാ. 19

11 എസ്സാഹദ്····സഹദൂസ്സെ കു. ക്ര. പു. 14
യോഹ. അ. XIX വാ. 34
"എങ്കിലും പടയാളികളിൽ ഒരുത്തൻ കുന്തംകൊണ്ടു് അവന്റെ വിലാപ്പുറത്തു കുത്തി. ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു. 'ഇതു' കണ്ടവൻ സാക്ഷ്യപ്പെട്ടിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യമാകുന്നു."

12 സാവ്ത്രികവുമായ····ശരീരത്തിൽ കു. ക്ര. പു. 14
അപ്പൊ. അ. I വാ. 23

13 കർത്താവിൽ····ശരണപ്പെട്ട കു. ക്ര. പു. 18
സങ്കീർത്തനം 40 1

14 ദരിദ്രർ····തൃപ്തരാകും കു. ക്ര. പു. 18
സങ്കീർത്തനം 22. 26

15 ആദിമുതൽ എന്നേക്കുംഎല്ലാ····ഉൽഘോഷിക്കട്ടെ
കു. ക്ര. പു. 20
സങ്കീർത്തനം 106 48

16 കദ്റ്സീസീൻ····ബിശ്താ കു. ക്ര. പു. 20
എബ്രാ. അ. X വാ. 22
"നമ്മുടെ ഹൃദയങ്ങൾ തളിക്കപ്പെട്ടു. ദുഷ്ടമനസ്സാക്ഷിയിൽനിന്നു ശുദ്ധീകരിക്കപ്പെട്ടു."

17 മൗദെനാ····ഉദറഅ കു. ക്ര. പു. 23
മത്ത. അ. XI വാ. 25
സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവായ എന്റെ പിതാവെ! നിന്നെ ഞാൻ പുകഴ്ത്തുന്നു."

18 സമയത്തിന്റെ സമാപ്തിയിൽ···· കു. ക്ര പു. 23
മത്ത. അ. XXIV വാ. 30

19 നിങ്ങൾക്കു സമാധാനം കു. ക്ര. പു. 25
യോഹ. XX വാ. 26

20 എന്റെ സഹോദരന്മാരെ····നല്കുവിൻ
കു. ക്ര. പു. 25
1 പത്രോ. അ. V വാ. 14;
2 കൊറി. അ. XIII വാ. 12;
മത്ത. അ. V. വാ. 23

21 നമ്മുടെ കർത്താവിശോ····ഉണ്ടായിരിക്കട്ടെ
കു. ക്ര. പു. 27
2 കൊറി. അ. XIII വാ. 14

22 അന്ത്യാഹ····ദൈവമേ കു. ക്ര. പു. 27
മക്കാ. അ. XII വാ. 26; പുറപ്പാ. അ. III വാ. 6

23 ആലേപ് അൽപിൻ···· കു. ക്ര. പു. 28
ദാനിയേൽ അ. VII വാ. 10
"എന്റെ കർത്താവേ! വാനവർ ആയിരമായിരമായി നിന്റെ മഹത്വത്തെ മുട്ടുകുത്തി ആരാധിക്കുന്നു"··

ആ കർമ്മയോഗിയുടെ കാല്പാടുകൾ

സമുദായത്തെ ഇനിയെങ്കിലും ഉണർത്തുകയില്ലേ?

പാരമ്പര്യത്തിലും ആഭിജാത്യത്തിലും വിശ്വസിക്കുകയും വളരെയേറെ അഭിമാനംകൊള്ളുകയുംചെയ്യുന്ന ഒരു ജനവിഭാഗമാണു കേരളത്തിലെ നസ്രാണിസമുദായം. സാംസ്കാരികമായി ഒരുന്നതനിലവാരം അവർ പുലർത്തിയിട്ടുണ്ടെന്നുള്ളതു യുവതലമുറയുടെ പുരോഗമനാശയങ്ങളിലേക്കു വെളിച്ചം വീശുന്നുണ്ട്. മതപരവും സാമൂഹ്യവും രാഷ്ട്രീയവുമായ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ നസ്രാണികൾ പ്രശസ്തമായ പങ്കു വഹിച്ചിട്ടുണ്ടെന്നു് നിഷ്പക്ഷബുദ്ധികൾ സമ്മതിക്കും. അവരുടെ സുസംഘടിതമായ നേതൃത്വത്തിന്റെയും സുശിക്ഷിതമായ പ്രയത്നത്തിന്റെയും നിരവധി നിദർശനങ്ങൾ ചരിത്രത്തിന്റെ ഏടുകളിൽ മായാതെ കിടക്കുന്നു. ഈ വസ്തുതകൾ കണക്കിലെടുത്തുകൊണ്ടു് നമ്മുടെഇന്നത്തെ ഗതി വിഗതികളിലേക്കു ഒരു വിഹഗവീക്ഷണംനടത്തുന്നതു് അസ്ഥാനത്തായുകയില്ലല്ലൊ.

1962ലെ കണക്കനുസരിച്ചു. കേരള നസ്രാണിസമു

---

24 ഇടവിടാതെ····ബലവാനും····നിറഞ്ഞിരിക്കുന്നു
കൂ. ക്ര. പു. 28
ഏശയ്യ അ. VI വാ. 3; വെളി. അ. IV വാ. 8

25 ഉന്നതങ്ങളിൽ ഓശാന കൂ. ക്ര. പു, 28
മത്ത. അ. XXI വാ. 9

26 കന്തിശത്····· കൂ. ക്ര. പു. 29
അപ്പൊ. അ. III വാ; 15
"ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാ വിതുനാമോത്തവും നിന്നിൽനിന്നാകുന്നു"

27 ഇതു ദൈവത്തിന്റെ····മറെറാന്നുമല്ല
കൂ. ക്ര. പു. 29
സൃഷ്ടി. അ. XXVIII വാ. 17

28 ബ്ലെലിയാദേൻ····· കൂ. ക്ര. പു. 30
1 കൊറി. അ. XI വാ. 23
"എന്തെന്നാൽ നമ്മുടെ കർത്താവായ ഈശോ താൻ ഒററിക്കൊടുക്കപ്പെട്ട ആ രാത്രിയിൽ"

29 കുദാശവചനങ്ങൾ കൂ. ക്ര. പു. 30 31
മത്ത. അ. XXVI. വാ. 26
മർക്കോ. അ. XIV വാ. 22
ലൂക്ക. അ. XXII വാ. 17

30 ദ്നെദ് ഊനാക്····· കൂ. ക്ര. പു. 35
യോഹ. അ. XVII വാ. 3
"നീ മാത്രമാകുന്ന സത്യദൈവമെന്നും നീ അയച്ച ഈശോമിശിഹാ ആർ (ആകുന്നു) എന്നും അറിയുന്നതാകുന്നു നിത്യജീവൻ."

31 ഞങ്ങൾക്കല്ലെ····മഹത്വമുണ്ടാകട്ടെ. കൂ. ക്ര. പു. 36
സങ്കീർത്തനം 114 വാ. 9

32 ദൈവമേ! നിന്റെ കൃപ····നിർമ്മലമാക്കപ്പെട്ടു.
കൂ. ക്ര. പു 37
സങ്കീർത്തനം 51

33 സ്വർഗ്ഗത്തിൽ····പക്കലേക്കുമായിരിക്കും
കൂ. ക്ര. പു. 37
സങ്കീർത്തനം 122

34 സ്വർഗ്ഗത്തിൽ····ഞാനാകുന്നു കൂ. ക്ര. പു. 39
യോഹ. അ. VI വാ. 51

35 സത്യാ സത്യമായി····കടക്കും കൂ. ക്ര. പു. 55
യോഹ. അ. VI വാ. 55····59

ആദ്യം പറഞ്ഞിരിക്കുന്നതുപോലെ നമ്മുടെ കർബാനയുടെ സവിശേഷത പ്രകാശിപ്പിക്കുന്ന ഭാഗം ഉദ്ധരിച്ചു് ഈ ലേഖനം ഉപസംഹരിക്കാം. ആദിമക്രിസ്ത്യാനികൾ വി. കർബാന ആദ്യം ഒരു ബലിയായി അനുഷ്ഠിച്ചിരുന്നില്ലെന്നും അതു മിശിഹായുടെ വരവിന്റെ സന്തോഷകരമായ അനുസ്മരണം മാത്രമായിരുന്നെന്നും പിന്നീടു വി. പൗലോസാണു അതു ബലിഅപ്പണമായിത്തീർത്തതെന്നും പ്രോട്ടസ്റ്റൻറുകാരായ Spitta, Lietzmann ആദിയായവർ വാദിക്കുന്നു. അവരുടെ ഈ വാദങ്ങളെ ഖണ്ഡിക്കുവാനായി പണ്ഡിതനായ Gerard S. Sloyan, (Catholic University of America) ഉദ്ധരിക്കുന്ന ഉദാഹരണങ്ങളിൽ ഒന്നു് നമ്മുടെ കർബാനയിലെ പവിത്രീകരണത്തിനു (Consecration) മുമ്പും പിമ്പുമുള്ള ചില ഭാഗങ്ങളാകുന്നു. ആ ഭാഗങ്ങൾ സുദീർഘമാകയാൽ പ്രധാനഭാഗംമാത്രം ഇവിടെ പകർത്താം— "The East-Syrian liturgy from the first half of the fourth century centered in Edessa, authorship of which is attributed to the apostles out of Antioch, Ss. Addai and Mari who wrote in *Syriac* rather than *Greek* seems not to have contained the words of Consecration- or at least no MS of that ancient liturgy contains them. Botte holds it at certain that the Ricital of Institution was in the anaphora of the apostles and gradually disappeared".....; It runs, "We give thanks to you, O my Lord.... and may there come O my Lord, Your Holy Spirit, and rest upon this oblation of your servants, and bless and hallow it that it be to us, O my Lord, for the pardon of offences and the remission of sins, and for the great hope of resurrection from the dead and for new life in the kingdom of heaven with all those who have been well pleasing in your sight"..... This anaphora seems to be a remnant, therefore, of a tradition of eucharistic prayer sacrifica- in intention but without the words of institution." (The Catholic Biblical Quarterly, January 1961 p. 11)

—സെബാസ്റ്റ്യൻ ജറോം സി. എം. ഐ.

ദായത്തിലെ കത്തോലിക്കാവിഭാഗത്തിൽ ആറു ശ്രുപതകളിലായി 2,05558 കുടുംബങ്ങളുണ്ട്. കേരളത്തിനു പുറത്തു് ഇൻഡ്യൻറിപ്പബ്ലിക്കിന്റെ വിവിധഭാഗങ്ങളിലധിവസിക്കുന്നവരും ഇതിനുപുറമെ ഈ കണക്കിലുൾപ്പെടേണ്ടയാണു്. പുത്തൻകൂർവിഭാഗങ്ങളിൽ ഒന്നരലക്ഷത്തോളം കുടുംബങ്ങൾ വേറെയുമുണ്ടു്. അംഗസംഖ്യയിൽ നസ്രാണികൾ ഇവിടത്തെ ഒരു മികച്ച ജനവിഭാഗമാണു്.

സാമ്പത്തികമായി വളരെ കെട്ടുറപ്പുള്ള ഒരു നിലവാരം നാം പുലർത്തുന്നു. മികച്ച ധനാഢ്യരും വൻകിടപ്രൂക്കന്മാരും നമ്മുടെയിടയിലുണ്ടു്. കൃഷി, വ്യവസായം, വാണിജ്യം തുടങ്ങിയ വിവിധ ധനാഗമമാർഗ്ഗങ്ങളിൽ അസൂയാവഹമായ പുരോഗതി നാം നേടിക്കഴിഞ്ഞു. രാജ്യത്തിന്റെ പൊതുമുതലെടുപ്പിലെ നല്ലൊരു ശതമാനം നമ്മുടെ വിയർപ്പുതുള്ളികളിൽനിന്നാണു ശ്രുപംകൊള്ളുന്നതു്. നാടിന്റെ സാമ്പത്തിക പുനഃസംവിധാനത്തിലും സാമൂഹ്യമായ വികസനപദ്ധതികളിലും നമ്മുടെ സംഭാവനകൾ അല്പേതരമാണു്.

വിദ്യാഭ്യാസമണ്ഡലങ്ങളിൽ നസ്രാണികൾ ഒട്ടും പിന്നോക്കമല്ല. പ്രശസ്തമായി നടത്തപ്പെടുന്ന രണ്ടു ഡസനോളം കലാലയങ്ങൾ നമുക്കുണ്ടു്. ആയിരക്കണക്കിനു വിദ്യാർത്ഥികൾ ബിരുദധാരികളായി ഈ സ്ഥാപനങ്ങളിൽനിന്നു പുറത്തിറങ്ങുന്നു. നൂറുകണക്കിനു ഹൈസ്കൂളുകളും ഏതാനും സാങ്കേതികവിദ്യാലയങ്ങളും കേരളത്തിന്റെ നാനാഭാഗങ്ങളിലായി നാം സ്ഥാപിച്ചു നടത്തിവരുന്നു. ചില സഹോദരസമുദായങ്ങൾ നമ്മെ അനുകരിച്ചാണു വിദ്യാഭ്യാസരംഗത്തു പുരോഗതി നേടിയിട്ടുള്ളതു്. അങ്ങനെ കേരളം സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്നതിനും വിദ്യാഭ്യാസപരമായി വളരെ ഉയരുന്നതിനും പ്രധാനഹേതുഭൂതർ നസ്രാണികളാണു്.

രാഷ്ട്രീയപുരോഗതിയിലും നസ്രാണിസമുദായത്തെ ആരും മാറിനിറുത്തുകയില്ല. രാജ്യധികാരത്തെ മാനിക്കുകയും അവരിൽനിന്നും അവകാശങ്ങളും പദവികളും നേടിയെടുക്കുകയും ചെയ്തിട്ടുള്ള നാം ജനാധിപത്യത്തിന്റെ വിരോധാഭാസങ്ങളായിരുന്നില്ല. ഭാരതത്തിലെ ജനകീയപ്രസ്ഥാനത്തിന്റെ വളർച്ചയിൽ നസ്രാണികൾ മുൻപന്തിയിലുണ്ടായിരുന്നു. അധികാരത്തെ വകവച്ചുകൊടുക്കുകയും അവകാശങ്ങൾ കണക്കുപറഞ്ഞു വാങ്ങിക്കുകയും ചെയ്തിട്ടുള്ള അഭിമാനാവഹമായ ഒരു പാരമ്പര്യമാണു നമുക്കുള്ളതു്.

അടുത്തകാലത്തുനടന്ന ഐതിഹാസികമായ വിമോചനസമരത്തിൽ നസ്രാണിസമുദായം വഹിച്ചിട്ടുള്ള പങ്കു സുവിദിതമാണല്ലൊ. കമ്യൂണിസ്റ്റുകൾ അവരുടെ നമ്പർവൺ ശത്രുക്കളായി എണ്ണുന്നതും മറാരെയുമല്ല. നസ്രാണിസമുദായത്തെ കീഴടക്കിയാൽ കേരളം സ്വാധീനമാക്കാമെന്നു് അവർ വ്യാമോഹിക്കുന്നു. നമ്മുടെ ആദർശസ്ഥൈര്യവും പ്രയത്നശക്തിയുമല്ലേ ഇതിൽനിന്നു വെളിപ്പെടുന്നതു്?

ഇത്രയേറെ പുരോഗമനചരിത്രമുള്ള സമുദായത്തിന്റെ ഇന്നത്തെ സ്ഥിതിയെന്തു്? വിഭാഗീയമായ ചിന്തകളും വിജാതീയമായ താല്പര്യങ്ങളും നമ്മുടെ ഐക്യബോധത്തെ കരണ്ടുതിന്നുകൊണ്ടിരിക്കുന്നു. സമുദായത്തിൽ കൊടുങ്കാറ്റുതിവിടുവാൻമാത്രം ശബ്ദശക്തിയുള്ള ഒരു നേതൃത്വം നമുക്കില്ല. കരിയാറ്റിൽ മെത്രാപ്പോലീത്തായുടെയും പാറേമ്മാക്കൽ ഗോവണ്ണദോരച്ചന്റെയും സാഹസികമായ നേതൃത്വത്തിന്റെ കഥ ചരിത്രപുരുഷങ്ങളിൽ അടച്ചുപൂട്ടപ്പെട്ടിരിക്കുകയാണെന്നു തോന്നുന്നു. അണിഞ്ഞെഭിമാനിക്കാനുള്ള വെറും ആഭരണങ്ങളായിത്തീർന്നിരിക്കുകയാണു് ആ വീരചരിതങ്ങൾ. പക്ഷേ കുമ്പിടുന്നതിനുപകരം നിവർന്നുനിൽക്കാത്ത മിഥ്യാഭിമാനം നമ്മെ ആപത്ഗർത്തത്തിലേക്കു നയിക്കുവാനല്ലാതെ മറെറാന്നിനുമുപകരിക്കുകയില്ല.

സമർത്ഥനായ ഒരു നേതാവിന്റെ അഭാവമാണു നമ്മുടെ സാമൂഹ്യമായ ഏറെറവും വലിയ വിപത്തെന്നു പലരും പറയുന്നുണ്ടു്. നേതാവു് ആകാശത്തുനിന്നിറങ്ങിവരികയില്ല; ഭൂമിയിൽനിന്നു് പൊട്ടിമുളച്ചുയരുകയുമില്ല; നമ്മുടെയിടയിൽത്തന്നെ സൂക്ഷ്മതനായ നേതാവു വളർന്നുവരികയാണു വേണ്ടതു്. നേതൃപദത്തെപ്പററി ചില മിഥ്യാധാരണകൾ ചിലരെങ്കിലും ഇനിയും വച്ചുപുലർത്തുന്നുണ്ടു്. അതു അനുസരിപ്പിക്കുന്നതിനുള്ളൊരവകാശസ്ഥാപനമാണുനേതൃത്വമെന്നുള്ളതാണു്; ചെയ്യിക്കുക, കീഴ്പ്പെടുത്തുക തുടങ്ങിയുള്ള കുറെ പ്രയോജകകൃതികളുടെ കർത്തൃത്വം നേതൃത്വത്തിനു ഭൂഷണമായി വിചാരിക്കപ്പെടുന്നു. പക്ഷേ ഇതു സർവ്വാബദ്ധമാണു്. അനുസരിച്ചും പ്രവർത്തിച്ചും കീഴ്പ്പെട്ടും പരിശീലനം സിദ്ധിച്ചു സേവനത്തിന്റെ വില പ്രായോഗികമാക്കിമാത്രമേ ആധുനികകാലത്തു സാമൂഹ്യനേതൃത്വത്തിൽ ചെന്നെത്തുവാൻ കഴികയുള്ളു. ഇതിനു വിപരീതമായി സാഹചര്യങ്ങൾ വല്ലവരെയും നേതൃപദത്തിലവരോധിച്ചാലും അവരുടെ നിലനിൽപു നൈമിഷികമായിരിക്കും. അനന്തരക്ഷണത്തിലുണ്ടാകുന്ന നിപാതം കൂടുതൽ ഭീകരവും അസ്വാസ്ഥ്യജനകവുമായിരിക്കുകയും ചെയ്യും. അതിനാൽ സേവനത്തിന്റെ വളക്കൂറുള്ള മണ്ണിൽ നാമ്പെടുത്തു വിധേയത്വത്തിൽ നനഞ്ഞു വളരുന്ന ഒരു പുതിയ നേതൃത്വം നമുക്കുണ്ടായേതീരൂ.

മറെറുള്ളവരുടെ കഴിവുകളെ അർഹമായവിധം വിലയിരുത്തുകയും സഹിഷ്ണുതാപൂർവ്വം വീക്ഷിക്കുകയും ചെയ്യാത്തതാണു നല്ല നേതൃത്വമുണ്ടാകാത്തതിനുള്ള മറെറാരു കാരണം. വ്യക്തിഗതമായ അഭിവൃദ്ധിയിൽ അന്യർ പലപ്പോഴും അസൂയപ്പെടാറുണ്ടു്. എല്ലാ ജനവിഭാഗങ്ങളിലും ഇത്തരംസ്വഭാവവിശേഷങ്ങൾകാണാം. ഒരു പരിധിവരെ ഇതു നല്ലതായിരിക്കാം. പക്ഷേ ഗുണാത്മകമാത്സര്യബുദ്ധിയുടെ ചക്രവാളത്തിനപ്പുറം ചെന്നു അസൂയ ചിലപ്പോൾ വിനാശകരവും വിധ്വംസകവുമായ രീതിയിൽ പ്രവർത്തിക്കുമ്പോൾ പലരുടെയും വളർച്ചയുടെകുമ്പടഞ്ഞുപോകുന്നു. ഇത്തരം ഒരു പ്രവണത മറുള്ളവയിലുമുപരി നസ്രാണിസമുദായത്തിനുണ്ടെന്നു പറയാതെ തരമില്ല. കഴിവുകളെ മാനിക്കുന്നതിനു പകരം വ്യക്തിഗതമായ പരിക്ഷണങ്ങളും കുത്സിതമായ വീക്ഷണഗതികളുംമൂലം പല ഉൽക്കർഷേച്ഛുക്കളേയും പിൻവശത്തെ വാതലിലൂടെ മറിച്ചിടുവാനുള്ള പ്രവണത നമ്മുടെ അഭ്യസ്തവിദ്യരിൽ പോലുമുണ്ടു്. തന്മൂലം കഴിവുറ്റ യുവജനങ്ങൾ പലരും സാമൂഹ്യരംഗത്തു നിന്നോടിയകന്നു സ്വന്തം കാര്യങ്ങളിൽ മാത്രം വാപൃതരായി കഴിയുന്നു. അതിനാൽ നല്ല നേതൃത്വത്തിനുള്ള ഇച്ഛാശക്തിയും പ്രയത്നശീലവും ജനതാമദ്ധ്യത്തിൽ നിന്നു മാഞ്ഞു പൊയ്ക്കൊണ്ടിരിക്കുന്നു.

നേതൃത്വാഭാവം മാത്രമല്ല സാമുദായത്തിന്റെ ഇന്നത്തെ നിദ്രാണാവസ്ഥയുടെ നിദാനം. കലാപരവും സാംസ്കാരികവുമായ രംഗങ്ങളിൽ നമുക്കുള്ള പാപ്പരത്തം എ

ട്ടുപറയേണ്ട മറെറാരു കാരണമാണ്. എന്റെ രാജ്യത്തെ നിയമങ്ങൾ ആരെങ്കിലും നിഷ്ക്കച്ചകൊള്ളട്ടെ, പക്ഷെ എന്റെ ജനങ്ങൾക്കാലപിക്കുവാനുള്ള ഗാനങ്ങൾ നിഷ്ക്കർഷിക്കുന്നതു് ആരാണെന്നറിഞ്ഞേ പറ്റൂ." എന്നു റഷ്യൻ ചിന്തകനായ മായ്ക്കോവ്സ്ക്കി പറഞ്ഞു. സമുദായത്തിന്റെ ആവശ്യങ്ങളും താല്പര്യങ്ങളും പ്രതിഫലിപ്പിക്കുന്ന കലാമണ്ഡലം സാംസ്കാരികമായ പുരോഗതിയ്ക്കു വേണ്ടിയുള്ള സമരത്തിലെ ആയുധശാലയാണ്. കോഴികൂവുമ്പോൾ പുത്തൻപുലരിയുടെ സമാഗമനം നാം പ്രതീക്ഷിക്കുന്നതുപോലെ മധുരഗാനങ്ങളിലെ ആശയതരംഗങ്ങൾ പുത്തൻ തലമുറയ്ക്കു വേണ്ടിയുള്ള നലം തികഞ്ഞ ആഹ്വാനങ്ങളായിത്തീരുന്നു. ഏതുദ്ദിഷയത്തിൽ നാം സഹോദരസമുദായങ്ങളെക്കാൾ എത്രയോ പിന്നിൽ നില്ക്കുന്നു. ഈ ലേഖനത്തിൽ അതേപ്പററി ഒരുവിശദമായ ചർച്ചയ്ക്കു ഒരുങ്ങുന്നില്ല. ആനുഷങ്ഗികമായി ഒന്നനുസ്മരിച്ചതു അസമീചീനമാവുകയില്ലല്ലൊ.

നമ്മുടെ സമുദായത്തിന്റെ അഭിമാനസ്തംഭമായിരുന്നു് ബഹുമുഖമായ വ്യക്തിവിലാസം നിലനിറുത്തിയ പാറേമ്മാക്കൽ ഗോവർണ്ണദോരച്ചൻ ദിവംഗമിച്ചിട്ടു നൂററി അറുപത്തിനാലുവർഷം കഴിഞ്ഞു. സമുദായത്തിൽ അദ്ദേഹം പകർന്നുവച്ച ആവേശവും ഔജ്ജ്വല്യവും ഇനിയുംനിർഗ്ഗണാവസ്ഥയിലാണു്. ആഭിജാത്യത്തിലും വംശപാരമ്പര്യത്തിലും അഭിമാനം കൊള്ളുന്ന നസ്രാണിക്കു കാലത്തിന്റെ ഈ വഴിത്തിരിവിൽനിന്നെങ്കിലും ആ കർമ്മയോഗിയുടെ കാല്പാടുകൾ പിഞ്ചെല്ലുവാൻ ശ്രമിച്ചെങ്കിൽ!

—ജെയിംസ് കെ. സി. മണിമല.

Revival and Expansion

സാഹിത്യഅക്കാഡമിയിൽനിന്നും ഗോവർണ്ണദോർ സ്മാരകമുണ്ടാകണം.

പാലായിൽനടന്ന 164-ാം ചരമവാർഷികത്തിൽ ശ്രീ ഉലകംതറ ഉന്നയിച്ച പ്രമേയം.

(സ്വ. ലേ.) പാലാ മാർച്ച് 24

ഇന്നു് പാലാ സെൻറ് തോമസ് ഹൈസ്കൂളിൽവച്ചു നസ്രാണിനവജീവൻ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ യശ:ശരീരനായ ബ. ഗോവണ്ണദോരച്ചന്റെ 164-ാമതു ചരമദിന വാഷികം ആചരിക്കപ്പെട്ടകയുണ്ടായി. പല സാമൂഹ്യസാംസ്കാരിക പ്രവത്തകർ പങ്കെടുത്ത പ്രസ്തുത സമ്മേളനത്തിൽ ശ്രീ. ഒ. ജെ. കുരുവിള ചങ്ങനാശേരി അദ്ധ്യക്ഷം വഹിച്ചു. നസ്രാണികൾ ബ. ഗോവണ്ണദോരച്ചന്റെ ധീരമാതൃകകളെ അനുകരിക്കുകയും സമുദായത്തെ അലട്ടുന്ന പ്രശ്നങ്ങളെ വിജയപൂർവ്വം അഭിമുഖീകരിക്കുവാൻ അണിനിരക്കുകയും ചെയ്യണമെന്നു് അഭ്യർത്ഥിച്ചു.

മലയാളഗദ്യത്തിന്റെ ജനയിതാവു്

യോഗത്തിൽ അവതരിപ്പിക്കപ്പെട്ട ശ്രീ. ഉലകംതറയുടെ പ്രബന്ധത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു. കേരളചരിത്രത്തിലെ ഒരു മഹാപുരുഷനും ധീരനേതാവുമാണു് ബ. ഗോവണ്ണദോരച്ചൻ. അദ്ദേഹം കേരളത്തിലെ ഒരു വലിയ സമുദായോദ്ധാരകനും മലയാളഭാഷയിലെ യാത്രാവിവരണത്തിന്റെയും ഗദ്യസാഹിത്യത്തിന്റെയും സാക്ഷാൽ ജനയിതാവുമാണു്. മക്കോപോളോയേയും ഹിയൂൻസാങ്ങിനേയുംപോലെ ദേശസഞ്ചാരം നടത്തിയ അദ്ദേഹത്തിന്റെ "വർത്തമാനപ്പുസ്തകം" നമ്മുടെ സാഹിത്യത്തിലെ ഒരു നാഴികക്കല്ലുതന്നെയാണു്. അതിനാൽ സാഹിത്യഅക്കാഡമി ഈ മഹാപുരുഷനു ഉചിതമായ ഒരു സ്മാരകം നിർമ്മിക്കുന്നതിൽ അമാന്തിക്കരുതു്. ചുരുക്കത്തിൽ ഭാരതംമുഴുവൻ സ്മരിക്കപ്പെടേണ്ട ഒരു മഹാപുരുഷനാണു് കേരളത്തിന്റെ വീരസന്താനമായ ഗോവണ്ണദോരച്ചൻ.

പരിഷത്തിന്റെ ഭാവികാര്യങ്ങൾക്കു രൂപംകൊടുക്കുവാൻ റവ. ഫാ. ഡോൺബോസ്കോ സി, എം ഐ. മെ. ഒ. ജെ. കുരുവിള, ഡി. കുരുവിള മനയാനി, സി. ദേവസ്യാ പാറമുണ്ടയിൽ, ജോസഫ് വെള്ളപ്പാട്ടുകുന്നേൽ (കൺവീനർ) എന്നിവരടങ്ങിയ ഒരു കമ്മിററിയേയും നിയോഗിക്കുകയുണ്ടായി.

ദീപിക, മാർച്ച് 30, 1963

1962–ലെ വലിയ സംഭവങ്ങൾ

റിപ്പബ്ലിക്കിന്റെ ഹൃദയഭാഗത്ത് ഒരു മിഷ്യൻ രൂപത നമുക്കായി സ്ഥാപിച്ചുകിട്ടിയിരിക്കുന്നു എന്നുള്ളതു് ഒരു അനന്യസാധാരണമായ സംഭവമായിരിക്കുന്നു. പതിനാറാംനൂറ്റാണ്ടിൽ നടന്ന പാശ്ചാത്യമിഷനറിമാരുടെ കയ്യേറ്റഫലമായി പതിനേഴാം നൂറ്റാണ്ടാരംഭംമുതൽ ഭാരതസഭയെ കേരളത്തിൽ ബന്ധിച്ചുനിത്തിയിരിക്കയായിരുന്നു. 1887–ലെ ഉദ്ധാരണത്തിൽ അതുതന്നെ മദ്ധ്യകേരളത്തിൽ മാത്രമായിപ്പോയി. 1953-ൽ തലശ്ശേരി രൂപത സ്ഥാപിക്കയും, 1955-ൽ ചങ്ങനാശ്ശേരി രൂപതയും തൃശ്ശൂർ രൂപതയും വികസിപ്പിക്കയും ചെയ്തപ്പോൾ കേരളത്തിലെ വേലികൾ മാറ്റപ്പെട്ടു. എന്നാൽ ഇന്ത്യയിൽ ഇന്ത്യൻപൗരരായ നമുക്കു് മതസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്ന കിരാതനീതിക്കു വിരാമം ഇതുവരെ ആയിട്ടില്ല. എങ്കിലും പ്രത്യാശയ്ക്കു വഴിയുണ്ടെന്നുള്ളതിനു് ഒരു തെളിവു ലഭിച്ചതു് കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിലുണ്ടായ വലിയ സംഭവംതന്നെയാണു്. റിപ്പബ്ലിക്കിന്റെ ഹൃദയഭാഗത്തു രൂപമെടുത്തിരിക്കുന്ന ചാന്ദാ എക്സ്ആർക്കാസനം ആണതു്.

1962 ജൂലൈ 3 മുതൽ കുർബാന ശരിയായ രീതിയിൽ അനുഷ്ഠിക്കാൻ സൗകര്യമുണ്ടായി എന്നതാണു് വേറൊരു സംഭവം. അതുതന്നെയും ക്രമംവിട്ട രീതിയിൽ നടത്തുന്നതു് നമ്മുടെ കുറവു മാത്രമാകുന്നു. അജ്ഞത വിളംബരംചെയ്യുകയുമാണു്.

ആഹ്ലാദിക്കാനും പ്രയത്നിക്കാനുമുള്ള അവസരം!!

നസ്രാണി

ഗ്രീവർഗ്ഗീസ്സോരച്ചന്റെ 164-ാം ചരമവാർഷികം

1963 മാർച്ച് 20

കാര്യദർശി: വി. എം. ജോസഫ്, കിഴതടിയൂർ, പാലാ.

Printed at the Deepika Press, Kottayam.